# ദി ഡിഫെൻഡർ

Vol. No. 8 Issue No. 22 RNI Reg. No. 68089 / 97 Published From Perumbavoor 2005 NOVEMBER 16

## കുര്യൻ പ്രശ്നം:

# ഹെബ്രോൻപുരത്ത് പോലീസ് പൂരം

ഹെബ്രോൻ പുരത്ത് പലവിധ പൂരങ്ങൾ നടക്കാറുണ്ട്. പക്ഷേ, നവംബർ 6 മുതൽ 8 വരെ നടന്ന പൂരം അത്യപൂർവ്വമായിരുന്നു. പത്തനംതിട്ട എസ്.പി. മുതൽ താഴോട്ട് വെറും കോൺസ്റ്റബിൾ വരെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള പോലീസുകാരുടെ പൂരമാണ് അവിടെ നടന്നത്. കുറച്ചധികം വനിതാ പോലീസുകാരും ഉണ്ടായിരുന്നു.

എന്തിനായിരുന്നു ഇത്ര അധികം പോലീസ്? കെ.പി.കുര്യൻ എന്ന പാസ്റ്ററെ പിടിക്കാൻ. കെ.പി.കുര്യൻ ഹെബ്രോൻ കോമ്പൗണ്ടിൽ കടക്കുന്നത് തടയാൻ. ഒരാളെ തടയാൻ എന്തിനാണപ്പാ ഇത്ര വലിയ പോലീസ് പട? ഉത്തരം ലളിതം: ടി.എസ്.ഏബ്രഹാമിന് കുര്യനെ അത്ര ഭയമാണ്.

നവംബർ 6 മുതൽ 8 വരെ ഹെബ്രോൻ പുരത്ത് ശുശ്രൂഷക സമ്മേളനം നടക്കുകയുണ്ടായി. ഐ.പി.സിയിലെ ഒരു ശുശ്രൂഷകൻ എന്ന നിലയിൽ കെ.പി.കുര്യൻ എത്തും എന്ന് ടി.എസ്.ഏബ്രഹാമിന് അറിയാം. കുര്യനെ തടയാൻ കഴിഞ്ഞില്ലെങ്കിൽ ടി.എസ്.ഏബ്രഹാമിന്റെ വില പോകും. എന്നാൽ കുര്യനെ തടയുക എന്നത് അത്ര എളുപ്പമല്ല എന്ന് ടി.എസ്.ഏബ്രഹാമിന് അറിയാം. അതുകൊണ്ടാണ് പോലീസ് പടയെ വിളിച്ചു വരുത്തിയത്.

മീറ്റിംഗിൽ സംബന്ധിക്കാൻ എത്തിയ കുര്യനെ പോലീസ് ഗേറ്റിൽ തടഞ്ഞു. തനിക്കെതിരെ ടി.എസ്.ഏബ്രഹാം എടുത്ത എല്ലാ നടപടികളും കോടതി അസാധുവാക്കിയെന്നും അതുകൊണ്ട് മീറ്റിംഗിൽ സംബന്ധിക്കാൻ തനിക്ക് അവകാശമുണ്ടെന്നും കുര്യൻ വാദിച്ചെങ്കിലും പോലീസ് വഴങ്ങിയില്ല. അതുകൊണ്ട് കൂടുതൽ പ്രശ്നമുണ്ടാക്കാതെ കുര്യൻ മടങ്ങിപ്പോന്നു.

കുര്യൻ തിരിച്ചെത്തുമെന്ന ഭയംമൂലം ടി.എസ്.ഏബ്രഹാം തുടർന്നുള്ള ദിവസങ്ങളിലും പോലീസ് കാവൽ നിലനിർത്തി. അങ്ങനെ ദൂതൻമാരുടെ കാവലിനു പകരം പോലീസ് കാവലിൽ ഐ.പി.സിയുടെ ശുശ്രൂഷക സമ്മേളനം അനുഗ്രഹമായി നടന്നു.

ബാലനെ ഒതുക്കാനും ഡിഫെൻഡർ പൂട്ടിക്കാനുമായി ടി.എസ്.ഏബ്രഹാം വളർത്തിക്കൊണ്ടുവന്ന കെ.പി.കുര്യൻ കുടത്തിൽ നിന്നും പുറത്തായ ഭൂതത്തേപ്പോലെ ശക്തനായി. ഒടുവിൽ ടി.എസ്.ഏബ്രഹാമിന്റെ നിയന്ത്രണത്തിൽ നിൽക്കാതായെന്നു മാത്രമല്ല ടി.എസ്.ഏബ്രഹാമിനോടുതന്നെ യുദ്ധം പ്രഖ്യാപിച്ചു. അഞ്ചു വർഷം മുൻപ് ടി.എസ്.ഏബ്രഹാമിന്റെ പാപങ്ങൾ ബാലൻ അക്കമിട്ട് നിരത്തി ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചതോടെയാണ് ടി.എസ്.ഏബ്രഹാം കുര്യനെ അഭയം ചൊല്ലിയത്. ബാലൻ അന്നു പറഞ്ഞ അതേ പാപങ്ങൾ കൂടുതൽ വ്യക്തമായി നിരത്തിക്കൊണ്ടാണ് കുര്യൻ ഇന്ന് ടി.എസ്.ഏബ്രഹാമിനെതിരെ ആഞ്ഞടിക്കുന്നത്.

ടി.എസ്.ഏബ്രഹാം പണത്തിന്റെ ശക്തി ഉപയോഗിച്ച് ടി.എസ്.ബാലനെ കഠിനമായി ദ്രോഹിച്ചു. കുര്യനായിരുന്നു മുഖ്യ ആയുധം. അതിന്റെ ശിക്ഷയാണ് ഇപ്പോൾ ടി.എസ്.ഏബ്രഹാം അനുഭവിക്കുന്നത്. വിതച്ചത് കൊയ്യാതെ പറ്റില്ലല്ലോ.

## വ്യാജ മുടക്കുകത്ത് ആശയക്കുഴപ്പമുണ്ടാക്കി

വ്യാജക്കത്തുകളും ഊമക്കത്തുകളും മഞ്ഞപ്പത്രങ്ങളും മറ്റും ഐ.പി.സിയിൽ പുത്തരിയല്ല. ഡിഫെൻഡറിന് രണ്ടുവട്ടം ഡ്യൂപ്ലിക്കേറ്റ് ഇറക്കിയ വീരൻമാരുള്ള പ്രസ്ഥാനമാണിത്. ആരോ അയച്ച വ്യജ ഈമെയിലുകളുടെ പിതൃത്വം ബാലന്റെ തലയിൽ കെട്ടിവെയ്ക്കുകയും പണത്തിന്റെ ശക്തി ഉപയോഗിച്ച് ബാലനെ ജയിലിൽ കിടത്തുകയും വരെ ചെയ്യാൻ ടി.എസ്.ഏബ്രഹാമിന് കഴിഞ്ഞു. അങ്ങനെ, വിവിധ തരത്തിലുള്ള വ്യാജൻമാർ അരങ്ങുതകർക്കുന്ന ഐ.പി.സിയിൽ രണ്ടാഴ്ച മുൻപ് ഇറങ്ങിയ ഒരു വ്യാജക്കത്ത് ഏറെ ആശയക്കുഴപ്പം സൃഷ്ടിച്ചു.

കെ.പി.കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിക്കൊണ്ട് ടി.എസ്.ഏബ്രഹാം എല്ലാ ഐ.പി.സി. സഭകൾക്കും കത്തയച്ചിരുന്നു. അതിനടുത്ത ദിവസങ്ങളിലാണ് വ്യാജ മുടക്കുകത്ത് പത്തനംതിട്ട ജില്ലയിലുള്ള ഒട്ടേറെ ഐ.പി.സി. സഭകളിൽ ലഭിച്ചത്. ഐ.പി.സി. കേരള സ്റ്റേറ്റ് മുൻ സെക്രട്ടറിയും തിരുവല്ല സെന്ററിന്റെ പാസ്റ്ററുമായ കെ.സി.ജോണിന് ടി.എസ്.ഏബ്രഹാമിന്റെ മകൾ മേഴ്സിയുമായി അവിഹിത ബന്ധമുണ്ടെന്നും അതുകൊണ്ട് ഇവരെ രണ്ടുപേരേയും ഐ.പി.സിയിൽ നിന്നും പുറത്താക്കുന്നു എന്നും ആയിരുന്നു കത്തിന്റെ ഉള്ളടക്കം. കെ.പി.കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിക്കൊണ്ട് ടി.എസ്.ഏബ്രഹാം സഭകൾക്ക് അയച്ച കത്തിൽ ഒരു പാരഗ്രാഫായി ഇത് ഉൾപ്പെടുത്തുകയായിരുന്നു. അതുകൊണ്ട് മിക്ക പാസ്റ്റർമാരും ഇത് വ്യാജക്കത്താണെന്ന് മനസ്സിലാക്കിയില്ല. ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം അയച്ച കത്ത് എന്ന പരിഗണനയിൽ പലരും ഇത് സഭയിൽ വായിച്ചു. പിന്നീടാണ് അമളി പിണഞ്ഞത് പിടികിട്ടിയത്.

ഈ കത്ത് വ്യാജമാണെന്ന് ഊഹിക്കാൻ കഴിയാതെ പോയതിന് തക്ക കാരണമുണ്ട്. ടി.എസ്.ഏബ്രഹാമിന്റെ ഏറ്റവും ഇളയ മകൾ പണ്ട് ഒരാളോടൊപ്പം ഒളിച്ചോടിയതും വിവാഹം കഴിച്ചതും ടി.എസ്.ഏബ്രഹാം അവളെ പിടിച്ചുകൊണ്ടുവന്ന് മറ്റൊരു വിവാഹം നടത്തിയതും ഒക്കെ ഏവർക്കും അറിവുള്ള സംഗതിയാണ്. അതുപോലെ മേഴ്സി കോളേജിൽ പഠിച്ചിരുന്ന കാലത്ത് കെ.സി.ജോണുമായി അവിഹിതബന്ധത്തിലായതും ഗർഭിണിയായതും ഗർഭഛിദ്രം നടത്തി തടിതപ്പിയതും ഒക്കെ നാട്ടിൽ പാട്ടായ കാര്യവുമാണ്. ഇതൊന്നുമറിയാതെ പാവം പട്ടാളം മേഴ്സിയെ ഇന്നും ചുമക്കുകയാണ്.

മേഴ്സിയും കെ.സി.ജോണും തമ്മിലുണ്ടായിരുന്ന അവിഹിത ബന്ധത്തിന്റെ പേരിൽ ടി.എസ്.ഏബ്രഹാം ഇരുവരേയും പുറത്താക്കിയിരിക്കാം എന്ന് പല പാസ്റ്റർമാരും തെറ്റിദ്ധരിച്ചു. അങ്ങനെയാണ് വ്യാജ മുടക്കുകല്പന സഭകളിൽ വായിക്കാൻ ഇടയായത്.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: നാലാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ നാലാമത്തേത് തയ്യാറായി വരുന്നു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

മൂന്നാമത്തെ സി.ഡി. പുറത്തിറങ്ങി. പണം അടച്ചവർക്ക് സി.ഡി. അയച്ചുകൊണ്ടിരിക്കുന്നു. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി. ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ മൂന്നു സി.ഡികൾക്ക് 300 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

**ആരാതിക്കുന്നേ ....... ഞങ്ങളാരാതിക്കുന്നേയ് ......... ഗ്ലോറീ...**



Internet: www.tsbalan.com Email: tsbalan@yahoo.com **Mobile: 94474 14608. Annual Subscription: Rs. 100/-**

ദി ഡിഫെൻഡർ

Vol. No.8 Issue No. 22 2005 November 16

# നിയമവാഴ്ച തകർക്കാൻ പ്രേരണ നൽകരുത്

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ ബഹുകക്ഷി സമ്പ്രദായമാണ് നിലനിൽക്കുന്നത്. കേരളത്തിലും നിരവധി പാർട്ടികളുണ്ട്. എങ്കിലും യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നീ മുന്നണികളിലായി ഇവർ നിൽക്കുന്നതിനാൽ ഫലത്തിൽ രണ്ടു പാർട്ടികളാണുള്ളത്. ബി.ജെ.പി., ഒരു മുന്നണിയിലും ചേരാത്ത ചെറിയ കക്ഷികൾ തുടങ്ങിയവയ്ക്ക് അസംബ്ലിയിൽ പ്രവേശനം ലഭിച്ചിട്ടില്ല.

യു.ഡി.എഫിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ്സാണ്. അതുപോലെ എൽ.ഡി.എഫിന്റെ തലപ്പത്ത് സി.പി.ഐ.(എം.) ഉണ്ട്. യു.ഡി.എഫിന്റെ നേതൃസ്ഥാനത്ത് കോൺഗ്രസ്സ് ഉണ്ടെങ്കിലും മറ്റു കക്ഷികളുടെ അറിവും സമ്മതവും കൂടാതെ യു.ഡി.എഫിൽ പ്രധാന തീരുമാനങ്ങളൊന്നും എടുക്കാനോ നടപ്പിലാക്കാനോ കോൺഗ്രസ്സിന് കഴിയുന്നതല്ല. പക്ഷേ അതല്ല എൽ.ഡി.എഫിലെ സ്ഥിതി. സി.പി.ഐ.(എം.) തീരുമാനിക്കുന്നത് എൽ.ഡി.എഫിൽ നടക്കും. ഡി.ഐ.സി. പ്രശ്നം തന്നെ നല്ല ഉദാഹരണം. സംസ്ഥാനത്തെ പകുതിയോളം ജനങ്ങളുടെമേൽ സ്വാധീനമുള്ള കക്ഷിയാണ് സി.പി.ഐ.(എം.) എന്ന് ചുരുക്കം. ഇത്തരം ഒരു പാർട്ടിയുടെ നേതാക്കൻമാർ വാക്കുകൾ സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ കേരളം കുട്ടിച്ചോറാകും.

കഴിഞ്ഞ ദിവസങ്ങളിൽ കോടിയേരി ബാലകൃഷ്ണനും വൃന്ദാ കാരാട്ടും പറഞ്ഞതെന്തെന്ന് നമുക്കറിയാം. പോലീസ് ഇലക്ട്രിക് ലാത്തി പ്രയോഗിച്ചാൽ അസംബ്ലി മന്ദിരത്തിൽ ഇലക്ട്രിക് ലാത്തിയുമായെത്തി ഉമ്മൻ ചാണ്ടിയുടെമേൽ ഇലക്ട്രിക്ക് ലാത്തി പ്രയോഗിക്കുമെന്ന് വിദ്യാർത്ഥി സമ്മേളനത്തിൽ പ്രഖ്യാപിച്ചത് നിയമവാഴ്ചയെ വെല്ലുവിളിക്കുന്നതിനു തുല്യമാണെന്നതിന് രണ്ടുപക്ഷമില്ല. വിദ്യാർത്ഥികളെ അക്രമത്തിന് പ്രേരിപ്പിക്കുകയാണ് കോടിയേരി ചെയ്തത്. ഇതിനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

സുപ്രീം കോടതിയുടെ നിഷ്പക്ഷത ചോദ്യം ചെയ്തുകൊണ്ട് വൃന്ദാ കാരാട്ട് നടത്തിയ പ്രസ്താവനയും രാജ്യത്തിന് ഗുണം ചെയ്യുകയില്ല. സി.പി.ഐ.(എം.)ന് അഹിതമായ വിധി കോടതിയിൽ നിന്ന് ഉണ്ടായാൽ ഉടൻ കോടതിയെ അവഹേളിക്കുന്ന പ്രവണത അടുത്ത കാലത്തായി ഏറിയിരിക്കയാണ്. കോടതിവിധി പ്രതികൂലമായാൽ മേൽക്കോടതിയിൽ അപ്പീൽ കൊടുക്കുകയാണ് വേണ്ടത്. പാർട്ടിയുടെ നയത്തിനനുസരിച്ചു വേണം കോടതികൾ വിധി പ്രസ്താവിക്കാൻ എന്നു ശഠിച്ചാൽ നിയമവാഴ്ച തകരും. അത് ഈ രാജ്യത്തിന്റെ തകർച്ചക്ക് വഴിവെയ്ക്കും. അതുകൊണ്ട് നിയമവാഴ്ചയെ കെട്ടഴിച്ചു വിടുന്ന നയം സി.പി.ഐ.(എം.) പുന:പരിശോധിക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

പ്രഭാതം അടുത്തെത്തിയെന്നും സൂര്യൻ പ്രകാശിക്കുമെന്നും അപ്പോൾ താമര വിരിയുമെന്നും ഒക്കെ സ്വപ്നം കണ്ടിരുന്ന വണ്ടിനു പറ്റിയ അമളിയാണ് കഴിഞ്ഞ ദിവസം പ്രതിപക്ഷത്തിനു വന്നുഭവിച്ചത്. തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിനിടയിലുണ്ടായ ബിഷപ്പ് ഹൗസ് ആക്രമണം പ്രതിപക്ഷത്തിന് സന്തോഷകരമായിരുന്നു. പ്രതികളിലൊരാൾ യൂത്ത് കോൺഗ്രസ്സുകാരനാണെന്നുകൂടി തെളിഞ്ഞതോടെ സന്തോഷം പത്തുമടങ്ങായി. പ്രതികളെ അറസ്റ്റ് ചെയ്യാത്തതിന്റെ ഫലം തെരഞ്ഞെടുപ്പിൽ ഉണ്ടാകും എന്ന് ആർച്ച് ബിഷപ്പ് പറയുകകൂടി ചെയ്തതോടെ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യാത്ത സ്ഥിതിയിലെത്തി. തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ നിർണ്ണായക സ്വാധീനമുള്ള ലത്തീൻ വോട്ടുകൾ യു.ഡി.എഫിന് പ്രതികൂലമായാൽ പ്രതിപക്ഷത്തിന്റെ വിജയം അനായാസമാകും എന്ന് വ്യക്തം. അങ്ങനെ മന:പായസം കുടിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ''പിഴുതാൻ ദന്തീന്ദ്രനാ പത്മിനീം'' എന്ന സ്ഥിതിയുണ്ടായത്. ഇനി സൂര്യോദയമുണ്ടായതുകൊണ്ട് ഫലമൊന്നുമില്ല എന്ന് ''അളി'' ദു:ഖത്തോടെ മനസ്സിലാക്കുന്നു. യൂത്തൻ ഉൾപ്പെടെയുള്ള പ്രമുഖർ അറസ്റ്റിലായി. ഉമ്മൻ ചാണ്ടി ബിഷപ്പിന്റെ കൈമുത്തി. ബിഷപ്പ് മുടിയൻ പുത്രനെ ആശ്ലേഷിച്ച് അരമനയ്ക്കുള്ളിലേക്ക് ആനയിക്കയും ചെയ്തിരിക്കുന്നു.

കേരളത്തിൽ ഇത് പിളർപ്പിന്റെ സീസണാണെന്ന് തോന്നുന്നു. ആദ്യം കോൺഗ്രസ്സ് പിളർന്നു. പിന്നെ ആർ.എസ്.പി. പിളർന്നു. അതുകഴിഞ്ഞ് സെക്യൂലർ കെ.കോ. പിളർന്നു. അതിനിടയിൽ ആർ.എസ്.പി. വീണ്ടും പിളർന്നു. ഇപ്പോഴിതാ കോൺഗ്രസ്സ് (എസ്സ്) പിളർന്നിരിക്കുന്നു. അടുത്ത പിളർപ്പ് ഏതു പാർട്ടിയിലാണ് ഉണ്ടാകുക? അത് കണ്ടു തന്നെ അറിയണം.

സി.പി.ഐ.എം. എന്നാൽ എന്തെന്ന് ഏവർക്കും അറിയാം. പക്ഷേ എം.സി.പി.ഐ. എന്താണെന്ന് മിക്കവർക്കും അറിവുണ്ടാകയില്ല. കഷ്ടിച്ച് ഒരാഴ്ച മുൻപാണ് ഈ മാന്യദേഹം അവതാരം എടുത്തത്. സി.പി.ഐ.എം. എന്നത് മറിച്ചിട്ടാൽ എം.സി.പി.ഐ. ആകും. ഇത്തരം ഒരു പേര് എന്തുകൊണ്ട് സ്വീകരിച്ചു എന്ന് ചെറിയാച്ചൻ വ്യക്തമാക്കിയിട്ടുണ്ട്. സി.പി.ഐ.എം.നെ മറിച്ചിടാൻ ജൻമമെടുത്ത പാർട്ടിയാണ് എം.സി.പി.ഐ. അതുകൊണ്ടാണ് ''ചൊറിച്ചു മല്ലുന്ന'' പേരിട്ടിരിക്കുന്നത്. പുതിയ പാർട്ടിയുടെ ചിഹ്നം എന്താണാവോ? കപ്പടാ മീശയും ഗദയും ഒക്കെയായി പോത്തിന്റെ മേലിരിക്കുന്ന കാലന്റെ ചിത്രമായാൽ നന്ന്.

ഖുശ്ബുവിനെതിരെ കോടതി ജാമ്യമില്ലാത്ത അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിരിക്കുന്നു. കോടതിയിൽ ഹാജരാകാതിരുന്നതിനാണ് വാറന്റ്. വിവാഹപൂർവ്വ ലൈംഗികബന്ധങ്ങൾ ന്യായീകരിച്ചുകൊണ്ട് ഖുശ്ബു നടത്തിയ പരാമർശങ്ങളാണ് പ്രശ്നമായത്. ഈ പരാമർശത്തിനെതിരെ വിവിധ കോടതികളിലായി രണ്ടു ഡസനോളം മാനനഷ്ടക്കേസ്സുകൾ ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു. മാനനഷ്ടം എന്നാൽ എന്തെന്ന് ഐ.പി.സി. 499-ാം വകുപ്പ് വ്യക്തമാക്കുന്നുണ്ട്. പക്ഷേ ആ വകുപ്പനുസരിച്ച് ആരുടെയെങ്കിലും മാനം പോയെങ്കിൽ അത് ഖുശ്ബുവിന്റെ മാനം മാത്രമാണ്. വസ്തുത ഇങ്ങനെയിരിക്കെ രണ്ടു ഡസൻ മാനനഷ്ടക്കേസ്സുകൾ ഖുശ്ബുവിനെതിരെ മറ്റുള്ളവർ കൊടുത്തതെങ്ങനെ? കോടതികൾ ഈ കേസ്സുകൾ ഫയലിൽ സ്വീകരിച്ചതെങ്ങനെ? ഈ കേസ്സുകളെല്ലാം തള്ളിക്കളയാൻ ഖുശ്ബു മദ്രാസ് ഹൈക്കോടതിയിൽ ഹർജി കൊടുക്കുമെന്നും കോടതിയിൽ നിന്ന് ഖുശ്ബുവിന് അനുകൂലമായ വിധിയുണ്ടാകുമെന്നും മനസ്സിലാക്കാൻ വലിയ നിയമപാണ്ഡിത്യമൊന്നും വേണ്ട.

കുറ്റവാളിക്ക് പരമാവധി എന്തു ശിക്ഷ കൊടുക്കും എന്ന് നിശ്ചയിച്ച് കരാറുണ്ടാക്കിയിട്ട് അറസ്റ്റ് ചെയ്യാൻ പറ്റുമോ? പറ്റുമെന്ന് ഇന്ത്യാക്കാർ തെളിയിച്ചിരിക്കുന്നു. ഇന്ത്യയിലെ നിയമം അനുസരിച്ച് പത്തു വധശിക്ഷയെങ്കിലും ലഭിക്കാവുന്ന കുറ്റങ്ങൾ ചെയ്ത അബു സലേമിന് വധശിക്ഷ നൽകുകയില്ല എന്ന് പോർച്ചുഗൽ സർക്കാരുമായി കരാർ ഉണ്ടാക്കിയിട്ട് അയാളെ ഇന്ത്യയിൽ എത്തിച്ചിരിക്കുന്നു. പോർച്ചുഗലിൽ വധശിക്ഷയില്ല. വധശിക്ഷ നിലവിലുള്ള രാജ്യങ്ങളിലേക്ക് അവർ കുറ്റവാളികളെ അയയ്ക്കുകയുമില്ല. അതുകൊണ്ടാണ് ഇത്തരം ഒരു കരാർ ഉണ്ടാക്കേണ്ടതായി വന്നത്. പക്ഷേ ഇത് ഒരു തെറ്റായ കീഴ്വഴക്കമല്ലേ സൃഷ്ടിച്ചിരിക്കുന്നത്? ഇന്ത്യയിലുള്ള ഏതു കൊടിയ കുറ്റവാളിക്കും പോർച്ചുഗൽ പോലൊരു രാജ്യത്ത് അഭയം നേടിയ ശേഷം ഇത്തരം ഒരു കാരാറുണ്ടാക്കി ഇന്ത്യയിൽ തിരിച്ചെത്തി രക്ഷപ്പെടാം. ഏതായാലും വീരപ്പന് ഇത്തരം ഒരു ബുദ്ധി തോന്നാഞ്ഞത് ഭാഗ്യമായി.

നിയമനിർമ്മാണസഭ നിയമം ഉണ്ടാക്കുന്നു. എക്സിക്യൂട്ടീവ് നിയമം നടപ്പിലാക്കുന്നു. ജുഡീഷ്യറി നിയമലംഘകരെ ശിക്ഷിക്കുന്നു. ഇതാണ് ഇന്ത്യപോലുള്ള എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളിലും നടക്കുന്നത്. വസ്തുത ഇതായിരിക്കെ എങ്ങനെ എക്സിക്യൂട്ടീവിന് ജുഡീഷ്യറിയുടെ അധികാരത്തിൽ കൈകടത്താൻ ആവും എന്ന് മനസ്സിലാകുന്നില്ല. കൊലക്കുറ്റം ചെയ്ത വ്യക്തിക്ക് വധശിക്ഷ കൊടുക്കണമോ വേണ്ടയോ എന്ന് നിശ്ചയിക്കുന്നത് ജുഡീഷ്യറിയാണ്. കോടതി വിധിച്ച വധശിക്ഷ എക്സിക്യൂട്ടീവിന്റെ തലവനായ ഇന്ത്യൻ പ്രസിഡന്റിന് ഇളവു ചെയ്യാനുള്ള അധികാരമുണ്ട്. പക്ഷേ, വധശിക്ഷ നൽകുകയില്ല എന്നു കരാർ ഉണ്ടാക്കാൻ എക്സിക്യൂട്ടീവിന് ഇന്ത്യൻ ഭരണഘടന അധികാരം നൽകുന്നില്ല.

പപ്പനാവനെ കണ്ടവരുണ്ടോ? ചോദിക്കുന്നത് സി.പി.ഐ. സംസ്ഥാന കമ്മിറ്റി സെക്രട്ടറിയായ വെളിയം ഭാർഗ്ഗവനാണ്. എന്താണാവോ ഭാർഗ്ഗവൻ സഖാവിന് ബി.ജെ.പിക്കാരനായ പത്മനാഭനോട് ഇത്ര സ്നേഹം എന്ന് ചോദിക്കരുത്. കാരണം, ഈ ചോദ്യം സ്നേഹത്തിൽ നിന്നും ഉണ്ടായതല്ല. സാമാന്യം നല്ല കുശുമ്പ് ഇതിന്റെ പിന്നിൽ ഉണ്ടുതാനും. സംഗതി ചുരുക്കിപ്പറയാം.

വെളിയത്തിന്റെ പാർട്ടിക്കാരനാണ് തിരുവനന്തപുരത്തെ ഇടതുപക്ഷ സ്ഥാനാർത്ഥി. പി.കെ.വി. ജയിച്ചു കയറിയ സീറ്റാണിത്. അതുകൊണ്ട് തോറ്റാൽ നാണക്കേടാകും.

കഴിഞ്ഞതവണ ബി.ജെ.പിക്ക് കിട്ടിയ വോട്ടിൽ നല്ലൊരു പങ്ക് നിഷ്പക്ഷ വോട്ടുകളായിരുന്നു എന്ന് ശത്രുക്കൾ പോലും സമ്മതിക്കും. ഈ വോട്ടുകൾ ശിവകുമാറിന് കിട്ടേണ്ടതായിരുന്നു. ഇത്തവണ ഇത് ശിവകുമാറിന് കിട്ടാനും ശിവകുമാർ ജയിക്കാനും സാദ്ധ്യതയുണ്ട്. ഈ സ്ഥിതി മുന്നിൽ കണ്ടുകൊണ്ടാണ് വെളിയം ഒരുമുഴം മുൻപേ എറിയുന്നത്. ശിവകുമാർ ജയിച്ചാൽ ''അന്നേ ഞാൻ പറഞ്ഞില്ലേ'' എന്ന് പറഞ്ഞ് രക്ഷപ്പെടാം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി.,
എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# ഐ.പി.സി. ഇല്ലാതായാൽ വാഴക്കുലക്കച്ചവടം ആശ്രയം?

ഐ.പി.സി. ഇല്ലാതായാൽ ഐ.പി.സിയിലെ ഉപദേശിമാർ എന്തുചെയ്യും? സംശയം വേണ്ട, കോഴഞ്ചേരി ചന്തയിൽ വാഴക്കുലക്കച്ചവടം ചെയ്യും. ഇത് പറയുന്നതാര്? ടി.എസ്.ഏബ്രഹാമിന്റെ വാലാട്ടികളിൽ പ്രമുഖനായ സി.ഐ.ചെറിയാൻ. എപ്പോഴാണ് ഇങ്ങനെ പറഞ്ഞത്? ശുശ്രൂഷക സമ്മേളനത്തിന്റെ സമാപന സന്ദേശത്തിൽ. ഈ മാന്യദേഹം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

ടി.എസ്.ഏബ്രഹാമിന്റെ പിതാവായ കെ.ഇ.ഏബ്രഹാമാണ് ഐ.പി.സി. സ്ഥാപിച്ചത്. വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചാണ് കെ.ഇ.ഏബ്രഹാം ഐ.പി.സി. കെട്ടിപ്പടുത്തത്. ഇങ്ങനെ ഒരു പ്രസ്ഥാനം കെ.ഇ.ഏബ്രഹാം ഉണ്ടാക്കിയതുകൊണ്ട് പാസ്റ്റർമാരൊക്കെ കഞ്ഞികുടിച്ചു പോകുന്നു. കെ.ഇ.ഏബ്രഹാം ഇങ്ങനെയൊരു പ്രസ്ഥാനം ഉണ്ടാക്കിയിരുന്നില്ലെങ്കിൽ നാം എന്തു ചെയ്യുമായിരുന്നു? കോഴഞ്ചേരി ചന്തയിൽ വാഴക്കുലക്കച്ചവടം ചെയ്യുമായിരുന്നു.

വാഴക്കുലക്കച്ചവടം ചെയ്യാനല്ലാതെ മറ്റൊന്നിനും കൊള്ളാത്തവനെയൊക്കെപ്പിടിച്ച് പാസ്റ്ററാക്കിയതാണ് ഐ.പി.സി. ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകൾക്ക് പറ്റിയ തെറ്റ്. വിശ്വാസികളെ വാഴക്കുലപോലെയും സഭയെ ചന്ത പോലെയുമാണ് ഇത്തരക്കാർ കാണുന്നത്.

ടി.എസ്.ഏബ്രഹാമിന്റെ പാദസേവകനാകയാൽ ചെറിയാച്ചന് കെ.ഇ.ഏബ്രഹാമിനെ പുകഴ്ത്താതെ പറ്റില്ല. കെ.ഇ.ഏബ്രഹാമില്ലായിരുന്നെങ്കിൽ ദൈവം കറങ്ങിപ്പോയേനേം എന്നൊക്കെ പറയുന്നവന്റെ തൊലിക്കട്ടി അപാരംതന്നെ. കെ.ഇ.ഏബ്രഹാം ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാരിൽ ഒരാളായിരുന്നു എന്നല്ലതെ അദ്ദേഹമാണ് ഐ.പി.സി. സ്ഥാപിച്ചതെന്ന് ചരിത്രം അറിയാവുന്ന ആരും പറയുകയില്ല.

കെ.ഇ.ഏബ്രഹാമാണ് ഐ.പി.സി. സ്ഥാപിച്ചതെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചതുകൊണ്ടും പ്രശ്നം തീരുന്നില്ല. കെ. ഇ. ഏബ്രഹാം പട്ടിണി കിടന്ന് ഐ.പി.സി. ഉണ്ടാക്കിയെങ്കിൽ അതിന്റെ മറവിൽ ഇന്ന് മക്കളും കൊച്ചു മക്കളും ശരിക്കും കൊയ്യുകയാണല്ലോ. കൊയ്യുക മാത്രമല്ല സ്വന്തം കളപ്പുരയിൽ കൂട്ടി വെയ്ക്കുന്നുമുണ്ട്. ഓതറയിലെ റബ്ബർ തോട്ടത്തിന്റെ മുതൽ മുടക്കു മാത്രം അഞ്ചു കോടിയിൽ അധികമാണ്. ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് ഏതാനും വർഷം മുൻപ് ടി.എസ്. ഏബ്രഹാം ഒരു ബാങ്കിൽ നിന്ന് വാങ്ങിയെടുക്കുകയും ചെയ്തു. അതുകൊണ്ട് കെ.ഇ.ഏബ്രഹാം സഹിച്ച ത്യാഗത്തിന്റെ കഥ പറഞ്ഞ് പാവപ്പെട്ട ദൈവമക്കളുടെ കണ്ണിൽ പൊടിയിടാനാവില്ല.

ഉപദേശിപ്പണി കിട്ടിയില്ലായിരുന്നെങ്കിൽ സി.ഐ.ചെറിയാന് വാഴക്കുലക്കച്ചവടം മാത്രമായിരുന്നേനേം ആശ്രയം എന്നതു ശരിതന്നെ. അത്തരക്കാർ എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലുമുണ്ട്. പക്ഷേ, എല്ലാ പെന്തക്കോസ്ത് പാസ്റ്റർമാരും അത്തരക്കാരാണെന്ന് കരുതരുത്. വിശേഷിച്ച് ഒരു ജോലിയും ചെയ്യാതെ ജീവിക്കാനുള്ള കുടുംബസ്വത്ത് ഉള്ളവർ ദൈവവേല ചെയ്യുന്നുണ്ട്. ഒന്നാംതരം ജോലി രാജിവെച്ചിട്ട് ദൈവവേല ചെയ്യുന്നവരും കുറവല്ല. ഉണ്ടായിരുന്നതെല്ലാം വിറ്റ് ദൈവവേലയ്ക്കായി ചിലവാക്കിയിട്ട് ദൈവവേലയ്ക്കിറങ്ങിയവരുമുണ്ട്. അതുകൊണ്ട് ചെറിയാച്ചൻ സകല പാസ്റ്റർമാരേയും മക്കുണൻമാരാക്കുന്നത് സൂക്ഷിച്ചു വേണം.

വല്ലവന്റേം കാലു തിരുമ്മി കിട്ടുന്നത് തിന്നു ജീവിച്ചു പഠിച്ചവർക്ക് അധ്വാനിച്ചുണ്ടാക്കുന്ന പണത്തിന്റെ വില അറിഞ്ഞുകൂടാ. ചെറിയാച്ചനു പറ്റിയ അബദ്ധം ഇതാണ്.

# പി.സി.ഐയ്ക്ക് 101 ഭാഗ്യനമ്പർ

ഇന്ത്യൻ ജ്യോതിഷ സമ്പ്രദായപ്രകാരം പൂർണ്ണ സംഖ്യ അശുഭമാണ്. 100, 1000 എന്നൊക്കെ തികച്ചു പറയുന്നത് നന്നല്ല. അതുകൊണ്ട് അവർ അല്പം അപൂർണ്ണത ബാക്കി വെയ്ക്കും. 100 എന്നതിനു പകരം 101 വെയ്ക്കും. 1000 എന്നത് 1001 ആക്കും. അങ്ങനെ അവലക്ഷണം മാറ്റും.

പെന്തക്കോസ്തുകാർക്ക് ജ്യോതിഷത്തിൽ അശ്ശേഷം വിശ്വാസമില്ല എന്നാണ് വെയ്പ്. പെന്തക്കോസ്ത് കൗൺസിലിനാണെങ്കിൽ പറയുകയും വേണ്ട. ഒരുവിധത്തിലുള്ള അന്ധവിശ്വാസവും അവർ വെച്ചു പൊറുപ്പിക്കില്ല. അതുകൊണ്ടാണ് അവർ പ്രധാനമന്ത്രിയേയും മുഖ്യമന്ത്രിയേയും ഒക്കെ വിളിച്ച് പ്രസംഗിപ്പിക്കുന്നത്. ഇണയില്ലാപ്പിണ കൂടിയാൽ എന്തു വരുമെന്ന് അറിയണമല്ലോ.

ഇത്ര ഗഡാഗഡിയൻ അന്ധവിശ്വാസ വിരോധികൾക്ക് സംഗീതത്തിന്റെ കാര്യത്തിൽ മാത്രം അല്പം അന്ധവിശ്വാസം ഉണ്ടായിരിക്കുന്നു. പ്രധാനമന്ത്രിയും മറ്റും വരുന്ന സമ്മേളനത്തിൽ പാട്ട് മോശമാകരുതല്ലോ. അതിനുള്ള മുൻകരുതൽ അവർ എടുത്തിട്ടുണ്ട്. വലിയൊരു ഗായകസംഘം തട്ടിക്കൂട്ടി. മൂളിപ്പാട്ടെങ്കിലും പാടാൻ അറിയാവുന്നവരെയെല്ലാം ഗായകസംഘത്തിൽ ചേർത്തു. അങ്ങനെ, ആകെ മൊത്തം ടോട്ടൽ എണ്ണം 101. എന്തുകൊണ്ട് 100ൽ നിർത്തിയില്ല? അതിനുള്ള ഉത്തരം പി.സി.ഐ. നേതാക്കൻമാർ പറയട്ടെ.

കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതായി എന്നു പറഞ്ഞതുപോലെയാണ് കാര്യത്തിന്റെ പോക്ക്. പി.സി.ഐ. പെന്തക്കോസ്തിനെ കുളിപ്പിക്കയാണ്. ഒടുവിൽ പെന്തക്കോസ്ത് തന്നെ ഇല്ലാതാകുന്ന മട്ടുണ്ട്.

# ഭാരവാഹികളുടെ ഇത്ര വലിയോരു സമൂഹം

ഇന്ത്യയിലെ പെന്തക്കോസ്തിന് 100 വയസ്സ് തികയുകയാണ്. അതുകൊണ്ട് ഭാരം ഇമ്മിണി കൂടുതലുണ്ടാകും എന്നതിന് സംശയമില്ല. ദുർമ്മേദസ്സ് കുറച്ചൊന്നുമല്ലല്ലോ ഉള്ളത്. ഭാരം കൂടുന്നതനുസരിച്ച് ചുമക്കാൻ കൂടുതൽ ആളുവേണം. പെന്തക്കോസ്ത് ശതാബ്ദിയുടെ പേരിൽ പെന്തക്കോസ്ത് പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട സപ്ലിമെന്റുകൾ കണ്ടാൽ അമ്പരന്നു പോകും. ഇത്ര ഭാരമുണ്ടോ പെന്തക്കോസ്തിന് എന്ന് ആരും ചോദിച്ചുപോകും.

ഏറ്റവും തലപ്പത്തുള്ള പാരവാഹി സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോണാണ്. ഇയാൾ ഈ ജോലിക്ക് എന്തുകൊണ്ടും യോഗ്യനുമാണ്. കണ്ഠകൗപീനവും കെട്ടി ഈ ചങ്ങാതി സപ്ലിമെന്റിന്റെ ആദ്യ പേജിൽത്തന്നെയുണ്ട്. പി.സി.ഐ. പ്രസിഡന്റായതുകൊണ്ട് വടക്കേക്കുറ്റ് കുറച്ചധികം ഭാരം ചുമക്കുന്നുണ്ടായിരിക്കുമെന്ന് ഏവർക്കും അറിയാമല്ലോ.

പി.സി.ഐ. സെക്രട്ടറിയായ കെ.എൻ.റസ്സലാണ് രണ്ടാം പേജിലെ പാര. മുക്തിമിഷനിൽ ആദ്യം കേട്ട അന്യഭാഷ ഇംഗ്ലീഷാണെന്നും റസ്സൽ പറയുന്നു. നല്ലത്. ഇന്ത്യയിലെ പെന്തക്കോസ്തിന്റെ ആരംഭം ഇംഗ്ലീഷാണെന്നറിയുന്നത് സന്തോഷകരം തന്നെ. പക്ഷേ, ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയുടെ ആസ്ഥാനമായ കുമ്പനാട് ഹെബ്രോനിൽ നിന്ന് ഈയിടെയായി കേൾക്കുന്ന ശുദ്ധ മലയാള മറുഭാഷയേക്കുറിച്ച് റസ്സൽ ഒന്നും പറയാതിരുന്നത് മോശമായിപ്പോയി.

നാലാം പേജു മുതലാണ് നാം സാക്ഷാൽ പാരകളെ കാണുന്നത്. 10 തലതൊട്ടപ്പൻമാരെ ആദ്യമായി കാണാം. ചുമ്മാഡോ ബാബു ജോർജ് ഉൾപ്പെടെ 10 ഹോസ്റ്റ് പാരകൾ എക്സ്ട്രാ. (അവരിൽ ഒരാൾക്ക് തലയില്ല. വെറും മായ മാത്രം). അഞ്ചാം പേജിൽ പി.സി.ഐ.യുടെ ലക്ഷ്മിക്കുട്ടിപ്പാരകളെ കാണാം. ആകെ 15 എണ്ണം.

എട്ടാം പേജ് മറ്റു പേജുകളെയെല്ലാം കടത്തി വെട്ടിയിരിക്കുന്നു. കാരണം, ആ പേജ് പാരമയമാണ്. പാരയല്ലാതെ മറ്റൊന്നുമില്ല. ആകെ 64 പാരവാഹികളാണ് ഇവിടെയുള്ളത്. സകല അണ്ടനും അടകോടനുമുണ്ട്. കുറെപ്പേർ പഞ്ച വർണ്ണത്തിൽ. ബാക്കിയുള്ളവർ കറുമ്പൻമാർ. ഇത്രത്തോളം പാരകളെ താങ്ങാനുള്ള കഴിവ് തിരുവല്ലയ്ക്കുണ്ടോ ആവോ. (പെന്തക്കോസ്ത് വിശ്വാസികൾ ഇതും ഇതിലധികവും താങ്ങും. കഴുതയ്ക്ക് ചുമടെടുക്കാനല്ലേ അറിയൂ)

# സത്യം അറിയാൻ ഡിഫെൻഡർ മാത്രം

പെന്തക്കോസ്തിൽ പത്രങ്ങൾക്കു പഞ്ഞമില്ല. പക്ഷേ, സത്യം അറിയണമെങ്കിൽ ഡിഫെൻഡർ വായിക്കണം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം എന്നതാണ് പെന്തക്കോസ്ത് പത്രങ്ങളുടെ മുദ്രാവാക്യം. പണം കിട്ടുമെന്നു കേട്ടാൽ അവർ ഏതു ചെകുത്താനും ഓശാന പാടും.

പെന്തക്കോസ്ത് ശതാബ്ദിയുമായി സഹകരിച്ചു നിന്നാൽ ഗുണം പലതാണ്. ചുളുവിൽ കിട്ടുന്ന പബ്ലിസിറ്റിയാണ് പ്രധാനം. പരസ്യം വകയിലുള്ള വരുമാനം എക്സ്ട്രാ. വരിസംഖ്യ പിരിക്കാനും മറ്റും അവസരം ലഭിക്കയും ചെയ്യും. അതുകൊണ്ട് ഒരു മിക്ക പെന്തക്കോസ്ത് പത്രങ്ങളും ശതാബ്ദിയെ വാഴ്ത്തിപ്പാടുകയാണ്. അവിടെ എന്തു നടക്കുന്നു എന്ന് അറിയണമെങ്കിൽ ഡിഫെൻഡർ വായിക്കണം.

ഐ.പി.സി. അക്ഷരാർത്ഥത്തിൽ പുകയുകയാണ്. പക്ഷേ, കുര്യനെ പുറത്താക്കിയ വാർത്ത ഒഴികെ ഒന്നും പെന്തക്കസ്ത് പത്രങ്ങളിൽ വന്നിട്ടില്ല. വരികയുമില്ല. ടി.എസ്.ഏബ്രഹാമിനെ പിണക്കാനൊക്കുമോ? സത്യം തുറന്നു പറഞ്ഞാൽ പെന്തക്കോസ്തിന് മാനക്കേടുണ്ടാകില്ലേ? അങ്ങനെ പല ചിന്തകളുമാണ് അവരെ അലട്ടുന്നത്. എന്നാൽ ഡിഫെൻഡറിന് ഇത്തരം ആശങ്കകളൊന്നുമില്ല. സത്യം തുറന്നു പറയാനുള്ള ധൈര്യമുണ്ട്. അതുകൊണ്ട് സത്യം അറിയാൻ ആഗ്രഹിക്കുന്നവർ ഡിഫെൻഡർ വായിക്കുക.

ഡിഫെൻഡർ ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകൾ ഈയിടെയായി ലഭിക്കുന്നുണ്ട്. കത്തയക്കുന്നവർ ശ്രദ്ധിക്കുക: ഡിഫെൻഡർ സൗജന്യമായി ലഭിക്കുകയില്ല. വരിസംഖ്യ തന്നേ മതിയാകൂ.

# സമയം അശ്ശേഷമില്ല




ഫോൺ: 0484-3022186, 9349274835

# ക്രിമിനൽ നഷ്ടപരിഹാരം

**അഡ്വ.കെ.ഒ.ജോയി**

നാട്ടിൽ ഒരു കൊലപാതകമോ അടികലശലോ നടന്നെന്നു കരുതുക. കുറ്റവാളികളെ കണ്ടെത്താനും ശിക്ഷിക്കാനും പോലീസ്-കോടതി സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. പ്രതികൾ ശിക്ഷിക്കപ്പെട്ടു എന്നും വരാം. എന്നാൽ ഇത്തരം സംഭവങ്ങളിൽ പരിക്കു പറ്റിയ ആൾക്ക്, അല്ലെങ്കിൽ കൊല്ലപ്പെട്ട ആളുടെ ബന്ധുക്കൾക്ക് നഷ്ട പരിഹാരം ലഭിക്കാൻ നിയമമുണ്ടോ?

ക്രിമിനൽ നഷ്ടപരിഹാരനിയമം ഇന്ന് ഇന്ത്യയിൽ നിലവിലില്ല. ക്രിമിനൽ കേസ്സുകളിൽ കഷ്ടനഷ്ടങ്ങൾക്കിടവന്ന നിരപരാധികൾക്കു പരിഹാരം നൽകാൻ കോടതികൾക്കു വിവേചനാധികാരമുണ്ട്. പക്ഷേ, നമ്മുടെ കോടതികൾ നടപടിക്രമത്തിലെ വകുപ്പ് ഉപയോഗപ്പെടുത്താറില്ല.

സുപ്രീം കോടതി ഇക്കാരം ചൂണ്ടിക്കാണിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്കനുസരിച്ച് ക്രിമിനൽ കേസ്സുകളിൽ തീർപ്പു കൽപ്പിക്കുമ്പോൾ നഷ്ടപരിഹാര വ്യവസ്ഥകൾ ഉദാരമായി ഉപയോഗപ്പെടുത്താൻ എല്ലാ കോടതികളേയും ഉപദേശിക്കയും ചെയ്തിട്ടുണ്ട്. "ഹരിസിംഹിനെതിരെ സുഖ്ബീർ സിംഹും മറ്റുള്ളവരും (1989 എസ്.സി.ജെ. 303) എന്ന കേസ്സിൽ കീഴ്ക്കോടതി പ്രഖ്യാപിച്ച നഷ്ടപരിഹാര സംഖ്യ ഗണ്യമായി ഉയർത്തിക്കൊണ്ട് തീർപ്പു കൽപ്പിക്കുമ്പോഴാണ് നമ്മുടെ ക്രിമിനൽ നീതി സംവിധാനത്തിൽ ദൂരവ്യാപകമായ ചലനങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായ ഈ വിധി പ്രഖ്യാപനം സുപ്രീംകോടതി നിർവ്വഹിച്ചത്.

ക്രിമിനൽ നടപടിക്രമത്തിൻെറ 357-ാം വകുപ്പിലാണ് ക്രിമിനൽ കേസ്സുകളിൽ കഷ്ടനഷ്ടങ്ങൾക്ക് ഇടവന്ന നിരപരാധികൾക്ക് പരിഹാരം നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കുറ്റവാളികളിൽ നിന്ന് പിഴ ഈടാക്കുമ്പോൾ പ്രസ്തുത തുക നഷ്ടപരിഹാരമായി കുറ്റകൃത്യത്തിന് ഇരയായവർക്ക് നൽകാൻ ക്രിമിനൽ കോടതികൾക്ക് വിവേചനാധികാരമുണ്ട്. ശിക്ഷയുടെ ഭാഗമായി പിഴ ഉൾപ്പെടുത്തുന്നില്ലെങ്കിൽ നിശ്ചിത തുക നഷ്ടപരിഹാരമായി നൽകാൻ പ്രതികളോട് ആവശ്യപ്പെടാനും കോടതികൾക്ക് അധികാരമുണ്ട്. നമ്മുടെ കോടതികളുടെ ഇതുവരെയുള്ള ചരിത്രത്തിൽ അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമേ ഇപ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുള്ളു എന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്.

"പളനിയപ്പ കൗണ്ടർക്കെതിരെ തമിഴ്നാട് സംസ്ഥാനം" (എ.ഐ.ആർ. 1977, എസ്.സി. 1323) എന്ന കേസ്സിലാണ് സുപ്രീംകോടതി ആദ്യമായി ഈ വകുപ്പിൻെറ നിർവ്വഹണം സംബന്ധിച്ച് ചില തത്ത്വങ്ങൾ പ്രഖ്യാപിച്ചത്. നഷ്ടപരിഹാരം നൽകാൻ അർഹതയുള്ള കേസ്സുകളിൽ മാത്രമേ അപ്രകാരം ചെയ്യാവൂ എന്ന് കോടതി നിഷ്ക്കർഷിച്ചു. നഷ്ടപരിഹാരത്തുക നൽകാൻ പ്രതികൾക്ക് കഴിവുണ്ടോ എന്ന കാര്യം കോടതി പരിശോധിക്കണം. പ്രതികൾക്ക് തുക നൽകാൻ കഴിയാതെ വരുമ്പോൾ വീണ്ടും ശിക്ഷ അനുഭവിക്കേണ്ടി വരുന്നതുകൊണ്ട് ഈ വ്യവസ്ഥയുടെ ഉദ്ദേശ്യം സാധൂകരിക്കപ്പെടുകയില്ലെന്ന് വിധിന്യായത്തിൽ ജസ്റ്റീസ് ചന്ദ്രചൂഡ് ചൂണ്ടിക്കാണിച്ചു. പ്രതികളുടെമേൽ പിഴ ചുമത്തി അവരെ ശിക്ഷിക്കുക എന്നതിലുപരി കുറ്റകൃത്യത്തിൽ മരിച്ച നിരപരാധികൾ ക്രിമിനൽ നീതി സംവിധാനത്തിൽ വിസ്മരിക്കപ്പെടരുതെന്ന ഉദ്ദേശ്യമാണ് ഈ വ്യവസ്ഥയുടെ പിന്നിലുള്ളത്.

ക്രമിനൽ നടപടിക്രമത്തിലെ ഈ നഷ്ടപരിഹാര വ്യവസ്ഥക്കു പുറമെ ക്രിമിനൽ കേസ്സുകളിലെ നിരപരാധികൾക്ക് ആശ്രയിക്കാവുന്ന മറ്റൊരു സങ്കേതം സിവിൽ കോടതികളാണ്.വളരെ ദീർഘവും സങ്കീർണ്ണവുമായ നടപടിക്രമങ്ങൾ ഇവിടെ സങ്കടക്കാരന് തരണം ചെയ്യേണ്ടിവരും. (പോലീസ് ലോക്കപ്പിൽ വെച്ച് കൊല്ലപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന രാജൻെറ പിതാവായ പ്രൊഫ. ഈച്ചരവാര്യർ കോഴിക്കോട് സബ് കോടതി മുൻപാകെ ഇത്തരമൊരു സിവിൽ കേസ്സ് നടത്തുകയുണ്ടായി.

കുറ്റകൃത്യത്തിന് ഇരയായിത്തീർന്ന നിരപരാധികൾ ക്രിമിനൽ നീതിസംവിധാനത്തിൽ എന്തുകൊണ്ട് വിസ്മരിക്കപ്പെടുന്നു എന്ന ചോദ്യം പ്രസക്തമാണ്. ക്രിമിനൽ കുറ്റങ്ങളേ സ്റ്റേറ്റിനെതിരെയുള്ള അഥവാ, സമൂഹത്തിനെതിരെയുള്ള കുറ്റങ്ങളായാണ് കരുതി വരുന്നത്. ഒരു പ്രത്യേക കുറ്റകൃത്യത്തിന് ഇരയായവർ ഇവിടെ പ്രത്യേകം ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ഇതുകൊണ്ടാണ്. ക്രിമിനൽ കുറ്റകൃത്യങ്ങളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്നത് സ്റ്റേറ്റിൻെറ അഥവാ സമൂഹത്തിൻെറ താല്പര്യമാണ്. കുറ്റകൃത്യത്തിന് ഇരയായവരല്ല കുറ്റവാളികളാണ് ഇവിടെ ശ്രദ്ധാകേന്ദ്രം.

ക്രിമിനൽ ശിക്ഷാ ക്രമത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ കുറ്റകൃത്യത്തിന് ഇരയായവർ പ്രത്യേകിച്ച് പരാമർശിക്കപ്പെടുന്നില്ല. ക്രിമിനൽ ശിക്ഷാക്രമത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളായി പൊതുവെ കരുതി വരുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്:

1. മേലിൽ കുറ്റകൃത്യം തടയുക.
2. കുറ്റകൃത്യങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുക.
3. കുറ്റവാളികളെ രൂപാന്തരപ്പെടുത്തുക.
4. തെറ്റിന് ശിക്ഷ നൽകുക.
5. നീതിനിർവ്വഹണം.

പുരാതന കാലങ്ങളിൽ ക്രിമിനൽ കുറ്റങ്ങളെ വ്യക്തികൾക്കെതിരെയുള്ള കുറ്റങ്ങളായും കരുതിയിരുന്നു. ബാബിലോണിയൻ നിയമസംഹിത അനുസരിച്ച് ഒരു മോഷണക്കേസ്സിൽ പ്രതിയെ കണ്ടെത്താൻ കഴിയാതെ വരുമ്പോൾ മോഷണത്തിന് ഇരയായ വ്യക്തി ദൈവ മുൻപാകെ കളവ് സമ്മതിച്ച് സത്യപ്രതിജ്ഞ ചെയ്താൽ ഗവൺമെന്റ് നഷ്ടപരിഹാരം നൽകും. വ്യക്തികളുടെ ജീവന് ആപത്തു സംഭവിക്കുമ്പോഴും ഗവൺമെന്റ് നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു.ബൈബിളിൽ ക്രിസ്തുവിനു മുൻപുള്ള ചരിത്രങ്ങളിലും ഇപ്രകാരമുള്ള നിയമങ്ങൾ കാണാം. പുറപ്പാട് പുസ്തകത്തിൻെറ 21:19 നോക്കുക.

"മനുഷ്യർ തമ്മിൽ ശണ്ഠ കൂടീട്ട് ഒരുത്തൻ മറ്റൊരുത്തനെ കല്ലുകൊണ്ടോ മുഷ്ടി കോണ്ടോ കുത്തിയതിനാൽ അവർ മരിച്ചുപോകാതെ കിടപ്പിലാകുകയും പിന്നേയും എഴുന്നേറ്റ് വടിയൂന്നി വെളിയിൽ നടക്കുകയും ചെയ്താൽ കുത്തിയവനെ ശിക്ഷിക്കരുത്. എങ്കിലും അവൻ അവൻെറ മിനക്കേടിനുവേണ്ടി കൊടുത്ത് നല്ലവണ്ണം ചികിത്സിപ്പിക്കണം".

പുരാതന റോമൻ നിയമങ്ങളിലും ഇസ്ലാമിക നിയമങ്ങളിലും ക്രിമിനൽ കുറ്റങ്ങളിൻമേൽ നഷ്ടപരിഹാര വ്യവസ്ഥകൾ വളരെ വ്യാപകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുരാതന ഹിന്ദു നിയമങ്ങളിലാവട്ടെ ഒരു ക്ഷത്രിയനെ കൊലപ്പെടുത്തിയാൽ ആയിരം പശുക്കളെ ബ്രാഹ്മണൻമാർക്ക് പാപപരിഹാരാർത്ഥം കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ശൂദ്രനെയാണ് കൊന്നതെങ്കിൽ നിശ്ചിത തുക പിഴ കൊടുക്കേണ്ടിവരും. കൊല്ലപ്പെട്ടയാൾ ക്രിമിനൽ നിയമ സംഹിതയിൽ

(പേജ് 5 ..........)

# ഡിഫെൻഡർ മറുപടി പറയുന്നു

**?** റോജർ ഹോസ്മയേപ്പോലുള്ള ദൈവദാസൻമാർ ഇന്ത്യയിൽ വന്നു പ്രസംഗിക്കുന്നതിനെ ഡിഫെൻഡർ എതിർക്കുന്നത് ശരിയാണോ? അവർ പ്രസംഗിക്കുന്നതിലൂടെ ദൈവനാമം മഹത്വപ്പെടുകയല്ലേ ചെയ്യുന്നത്?

■ റോജർ ഹോസ്മയെ നല്ല സത്യ സുവിശേഷം പ്രസംഗിക്കുന്ന ഏതു സുവിശേഷകനും ഇന്ത്യയിൽ വന്ന് പ്രസംഗിക്കാം. ഡിഫെൻഡർ ഒരു വിധത്തിലും എതിർക്കുകയില്ല.

റോജർ ഹോസ്മയേക്കുറിച്ച് ഡിഫെൻഡറിന് കാര്യമായ അറിവൊന്നുമില്ല. അദ്ദേഹം ഊതിവീഴ്ത്തുകാരനാണെന്ന് ടി. എസ്.ഏബ്രഹാം പറയുന്നു. അത് ശരിയോ തെറ്റോ ആകാം. റോജർ ഹോസ്മ ഊതിവീഴ്ത്തുകാരനാണെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തെ എതിർക്കണം. കാരണം, ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും മറ്റും ദൈവവചനത്തിന്റെ പരിധിക്ക് പുറത്തുള്ളതാണ്.

റോജർ ഹോസ്മയ്ക്ക് രോഗശാന്തിവരമുണ്ടെന്ന് പറയപ്പെടുന്നു. രോഗശാന്തിവരം എന്നൊരു കൃപാവരമുണ്ട്. ആ കൃപാവരം ഇന്നും നിലനിൽക്കുന്നുമുണ്ട്. അതുകൊണ്ട് നസ്രായനായ യേശുവിന്റെ നാമത്തിൽ രോഗികൾക്കായി പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയിലൂടെ രോഗശാന്തി ലഭിക്കുന്നതും വചനവിരുദ്ധമല്ല. അതിനെ എതിർക്കേണ്ടതുമില്ല.

ഏതോ ഒരു ആഫ്രിക്കൻ രാജാവ് പ്രസംഗിക്കാൻ വരുന്നെന്ന് കേൾക്കുന്നു. അദ്ദേഹം വീണ്ടുംജനനം പ്രാപിച്ച വ്യക്തിയാണെങ്കിൽ സുവിശേഷം പ്രസംഗിക്കട്ടെ. അതും എതിർക്കേണ്ടതില്ല. വീണ്ടും ജനനം പ്രാപിച്ച വ്യക്തികൾ സത്യസുവിശേഷം പ്രസംഗിക്കുന്നതിനെ എതിർക്കുന്നത് ശരിയല്ല. എതിർക്കുന്നത് ദൈവത്തോടു മത്സരിക്കുന്നതിനു തുല്യമാണ്.

എന്നാൽ എതിർക്കപ്പെടേണ്ട പലതും ശതാബ്ദി സമ്മേളനത്തിൽ നടക്കുന്നുണ്ട്. അതിനെയാണ് ഡിഫെൻഡർ എതിർക്കുന്നത്.

ശതാബ്ദി എന്നതുതന്നെ ശുദ്ധ ഭോഷ്ക്കാണ്. മുക്തിമിനിലുണ്ടായ ഉണർവ്വാണ് ഇന്ത്യയിലെ ആദ്യത്തെ പെന്തക്കോസ്ത് ഉണർവ്വെന്നു പറയുന്നത് പച്ചക്കള്ളമാണ്. ഇതേപ്പറ്റി മുൻലക്കങ്ങളിൽ വിവരിച്ചിരുന്നല്ലോ.

പെന്തക്കോസ്ത് അനുഭവം ഇന്ത്യയിൽ ഉണ്ടായിട്ട് ഇപ്പോൾ നൂറു വർഷം തികയുകയാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. ഇത്തരം അനുഭവങ്ങളുടെ ശതാബ്ദിയോ സഹസ്രാബ്ദിയോ ആഘോഷിക്കുക എന്നൊരു പരിപാടി ദൈവസഭ ഒരിക്കലും ചെയ്തിട്ടില്ല. മാളികമുറിയിലെ അനുഭവത്തിന്റെ ശതാബ്ദി രണ്ടാം നൂറ്റാണ്ടിലെ സഭ ആഘോഷിച്ചില്ല. ഇത്തരം ആഘോഷങ്ങൾ ദൈവസഭയുടെ ഭാഗമല്ല.

രക്ഷിക്കപ്പെടാത്തവരോ രക്ഷിക്കപ്പെട്ടിട്ട് ആ അനുഭവത്തിൽ നിന്നു പിൻമാറിയവരോ ആണ് സമുദായക്കാരെ അനുകരിച്ച് ഇത്തരം ആഘോഷങ്ങളുമായി നടക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവാത്മാവല്ല ദുരാത്മാവാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള എല്ലാ ആഘോഷങ്ങളേയും എതിർക്കാതെ പറ്റില്ല.

പെന്തക്കോസ്ത് അനുഭവത്തിന്റെ ശതാബ്ദി പെന്തക്കോസ്ത് അനുഭവമെന്നാൽ എന്തെന്ന് അറിയാത്തവരോടുചേർന്ന് നടത്തുന്നതും എതിർക്കപ്പെടേണ്ടതാണ്. പ്രധാനമന്ത്രിയേയും മുഖ്യമന്ത്രിയേയും മറ്റും നാം ബഹുമാനിക്കണമെന്നതിന് സംശയമില്ല. പക്ഷേ അവരുമായി ഇണയില്ലാപ്പിണ കൂടിക്കൊണ്ടല്ല അവരെ ബഹുമാനിക്കേണ്ടത്. മന്ത്രിമാർ അവരുടെ ജോലി ചെയ്യട്ടെ. നമുക്ക് നമ്മുടെ ജോലി ചെയ്യാം.

ശതാബ്ദി സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്ന സാംസ്ക്കാരിക സമ്മേളനത്തിലാണ് രാഷ്ട്രീയക്കാർ പങ്കെടുക്കുന്നതെന്നും അതുകൊണ്ട് ഈ നടപടി തെറ്റല്ലെന്നും ഒരു വ്യാഖ്യാനമുണ്ട്. അതുകൊണ്ട് ചോദിക്കട്ടെ: എന്താണ് ഈ സാംസ്ക്കാരിക സമ്മേളനം? ആരുടെ സംസ്ക്കാരമാണ് അവിടെ വെളിപ്പെടേണ്ടത്?

പെന്തക്കോസ്ത് സംസ്ക്കാരമാണ് സാംസ്ക്കാരിക സമ്മേളനത്തിലുണ്ടാകുക എങ്കിൽ രക്ഷിക്കപ്പെടാത്തവർക്ക് അതിൽ പങ്കൊന്നുമില്ല. കാരണം, വേർപാട് എന്നത് പെന്തക്കസ്ത് സംസ്ക്കാരത്തിന്റെ കാതലാണ്. വേർപാടിന്റെ ഉപദേശം നഷ്ടമാക്കിയാൽ പെന്തക്കോസ്ത് വെറും സമുദായമായി മാറും. ശതാബ്ദിക്കാരും അവരുടെ പിന്നിൽ പ്രവർത്തിക്കുന്ന സാത്താനും ഈ ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.

ശതാബ്ദി പൊടിപൂരമാക്കാൻ പണം മുടക്കുന്നത് ദൈവമക്കളാണ്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ അധ്വാനിച്ചുണ്ടാക്കിയ പണം ദുരുപദേശം പ്രചരിപ്പിക്കാനും സാത്താന് മഹത്വമുണ്ടാക്കാനുമായി ചെലവഴിക്കുന്നത് ന്യായീകരിക്കാനാവില്ല. എല്ലാ മതവും ഒന്നാണെന്നും ഏതു മതത്തിൽ വിശ്വസിച്ചാലും നിത്യജീവൻ പ്രാപിക്കാൻ കഴിയുമെന്നും മന്ത്രിമാർ പ്രസംഗിക്കും. അത് മാദ്ധ്യമങ്ങളിലൂടെ പ്രചരിക്കും. ദൈവമക്കൾ പണം മുടക്കി സമ്മേളനം വിളിച്ചുകൂട്ടി ദുരുപദേശം പ്രചരിപ്പിക്കുന്നു. ഇത് സാത്താന്യതന്ത്രമല്ലെങ്കിൽ പിന്നെ എന്താണ്?

റോജർ ഹോസ്മ രോഗശാന്തി വരുത്തുമെന്ന് ശതാബ്ദിക്കാർ ഉലകം മുഴുവൻ പ്രചരിപ്പിക്കയാണ്. അത്ഭുത രോഗശാന്തി പ്രാപിച്ചു എന്ന് സാക്ഷ്യം പറയാൻ നൂറുകണക്കിന് ആളുകൾ ഉണ്ടാകുമെന്നതിനും സംശയമില്ല. പക്ഷേ അത്ഭുതം എന്ന് ഉറപ്പിച്ചു പറയാവുന്ന എത്രയെണ്ണം നടക്കും എന്ന് കണ്ടുതന്നെ അറിയണം. നൂറുകണക്കിന് രോഗികൾ സൗഖ്യമായി എന്ന് പ്രചരണമുണ്ടാകുമെങ്കിലും രോഗശാന്തി പ്രാപിച്ച ഒരു വ്യക്തിയുടെയെങ്കിലും പേരും വിലാസവും പരസ്യപ്പെടുത്താൻ സംഘാടകർക്ക് ധൈര്യമുണ്ടാകുകയില്ല.

അരക്കോടിയോളം രൂപ ചെലവഴിച്ച് നടത്തുന്ന ഈ മാമാങ്കത്തിലൂടെ മഹത്വപ്പെടുന്നത് ദൈവനാമമല്ല സാത്താന്റെ നാമമാണ് എന്ന് അനുഭവത്തിലൂടെ അറിയും. രോഗശാന്തിയുടെ പേരിൽ കുറെ കള്ളസാക്ഷ്യങ്ങൾ ജനം കേൾക്കുമെങ്കിലും യഥാർത്ഥ രോഗശാന്തി ഉണ്ടാകാനുള്ള സാദ്ധ്യത വിരളമാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ പരിപാടി ദൈവീകമല്ല സാത്താന്യമാണ്.

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ
ഫോൺ: 9447149309. സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

# പുത്രനെ നന്നാക്കിത്തരണം: ഓവർസിയർ മത്തായി

മക്കളെ അനുസരണത്തിൽ പാലിക്കുന്നവനായിരിക്കണം ഓവർസിയർ എന്ന് ദൈവവചനം പറയുന്നു. സ്വന്തം കുടുംബത്തെ നന്നായി ഭരിക്കാൻ അറിയാത്തവൻ എങ്ങനെ ദൈവസഭയെ പരിപാലിക്കുമെന്ന് പൗലോസ് ചോദിക്കുന്നുമുണ്ട്. പക്ഷേ മത്തായിക്ക് ഇതൊന്നും ബാധകമല്ല. ഭാര്യ സ്വന്തം നിലയിൽ സമ്പാദിച്ചതും നിവൃത്തികേടുകൊണ്ട് സ്വന്തം മകനെന്ന ലേബലിൽ മത്തായി വളർത്തിക്കൊണ്ടു വരുന്നവനുമായ പ്രിയസുതനേക്കുറിച്ചാണ് പറഞ്ഞു വരുന്നത്.

ജാത്യാലുള്ളത് തൂത്താൽ പോകില്ല എന്നാണല്ലോ പഴഞ്ചൊല്ല്. പുത്രന്റെ ജനനം തന്നെ ശരിയായ വഴിക്കുള്ളതല്ല. അതുകൊണ്ട് ആ മകന്റെ കൈയ്യിലിരുപ്പ് മോശമായതിൽ അത്ഭുതമില്ല. ഈ സന്താനം കേരളത്തിൽ ജീവിതം ശരിക്കും ആഘോഷിച്ചു. അവന്റെ ശല്യം കാരണം ദേശത്ത് പെൺകുട്ടികൾക്ക് ജീവിക്കാൻ വയ്യാത്ത സ്ഥിതിയുണ്ടായി. ഒടുവിൽ നാട്ടുകാർ കൈവെയ്പ് ശുശ്രൂഷ നടത്തും എന്ന സ്ഥിതിയായപ്പോൾ മത്തായി പ്രിയ പുത്രനെ കേരളത്തിൽ നിന്നും രക്ഷിച്ചുകൊണ്ടുപോയി. അങ്ങനെ പുത്രൻ വടക്കേ ഇന്ത്യയിലെത്തി.

മകനെ ബോംബെയിൽ നിർത്തിയാൽ മത്തായി ഏറെ താമസിയാതെ ബോംബെ വിട്ട് ഓടേണ്ടതായി വരും. അതുകൊണ്ട് ഈ കലാകാരനെ അല്പം ദൂരെയുള്ള ഒരു സഭയിലാക്കി. മത്തായിയുടെ അടുത്ത ബന്ധുവും ഒന്നാം നമ്പർ വിവരദോഷിയുമായ ഒരു മാന്യദേഹമായിരുന്നു ഇവിടത്തെ പാസ്റ്റർ. (ഇയാളേക്കുറിച്ച് അല്പം വിശദമായി പറയാനുണ്ട്. അത് പിന്നാലെ പറയാം).

ഒരു ദിവസം മത്തായി പുത്രനോടൊപ്പം ഈ സഭയിലെത്തി. പ്രസംഗമദ്ധ്യേ മത്തായി സഭയോട് ഇപ്രകാരം പറഞ്ഞു:

''എന്റെ മകനെ ഞാൻ നിങ്ങളെ ഏല്പിക്കയാണ്. അവൻ നാട്ടിൽ ചില കുഴപ്പങ്ങളൊക്കെ ഉണ്ടാക്കിയിട്ടാണ് വരുന്നത്. ഇനി അവനെ നാട്ടിൽ നിർത്താൻ പറ്റില്ല. അവനെ ഞാൻ ഇവിടെ നിർത്തിയിട്ട് പോകുകയാണ്. നിങ്ങൾ അവനെ ഒന്നു നന്നാക്കി തരണം.''

പക്ഷേ, മകൻ നന്നായില്ല. ആ കഥ അടുത്ത ലക്കത്തിൽ പറയാം.

# തട്ടിപ്പുമായി ഗോപാലകൃഷ്ണൻ ഗൾഫിൽ എത്തുന്നു

മുണ്ടിയപ്പള്ളി ശാരോൻ സഭയുടെ പാസ്റ്ററും അറിയപ്പെടുന്ന പ്രസംഗകനുമായ പോൾ ഗോപാലകൃഷ്ണൻ പരമ പുണ്യാളനാണെന്നാണ് പൊതുജനങ്ങളുടെ ധാരണ. പക്ഷേ, ഇദ്ദേഹത്തോളം വലിയ കള്ളൻമാർ പെന്തക്കോസ്തിൽ ഏറെയില്ലെന്ന സത്യം മിക്കവർക്കും അറിഞ്ഞുകൂടാ. എളിമയുടേയും ദൈവസ്നേഹത്തിന്റെയും മറ്റും മൂടുപടത്തിനു പിന്നിൽ ഒളിച്ചിരിക്കുന്ന അസ്സൽ ഗോപാലകൃഷ്ണനെ മിക്കവരും തിരിച്ചറിയാറില്ല.

തനിക്ക് ദ്രവ്യാഗ്രഹം അല്പം പോലും ഇല്ല എന്നാണ് ഗോപാലകൃഷ്ണൻ ഭാവിക്കുന്നത്. പക്ഷേ, പണമുണ്ടാക്കാൻ ഏതു ഹീനമാർഗ്ഗവും അവലംബിക്കുന്ന നീചനാണ് ഗോപാലകൃഷ്ണൻ എന്നതാണ് വസ്തുത.

ദൈവമക്കളെ കബളിപ്പിച്ച് പണമുണ്ടാക്കാൻ ഈയിടെ ഗോപാലകൃഷ്ണൻ ഒന്നാംതരം ഒരു പദ്ധതി കണ്ടുപിടിച്ചു. മുണ്ടിയപ്പള്ളി സഭാഹാളിനു സമീപം ബൈബിൾ സ്ക്കൂൾ, അനാഥശാല തുടങ്ങിയവ നടത്തുക. ഒറ്റനോട്ടത്തിൽ സഭയുടെ വകയാണെന്ന് തോന്നും. പക്ഷേ ഈ പ്രസ്ഥാനത്തിന് ശാരോനുമായി പുലബന്ധം പോലുമില്ല. അത് പോൾ ഗോപാലകൃഷ്ണന്റെ സ്വന്തം വഹ.

ഈ പരിപാടിയുമായി ഗോപാലകൃഷ്ണൻ ഏതാനും മാസം മുൻപ് അമേരിക്കയിലെത്തി. പരിശുദ്ധനായ ഗോപാലകൃഷ്ണനെ ദൈവത്തേപ്പോലെ കണക്കാക്കുന്ന നിരവധി ആളുകൾ അമേരിക്കയിലുണ്ട്. അവർ കൈയ്യയച്ച് സഹായിച്ചു. അങ്ങനെ അനേകലക്ഷം രൂപ സമ്പാദിച്ചു. പക്ഷേ, ദ്രവ്യാഗ്രഹത്തിന് അതിരില്ലല്ലോ. അതുകൊണ്ട് കിട്ടിയതൊന്നും ഗോപാലകൃഷ്ണന് മതിയായില്ല. കൂടുതൽ പണം ഉണ്ടാക്കണം. ഒരു ഗൾഫ് പര്യടനം നടത്തുകയാണ് അതിനുള്ള വഴി. ഈ ഉദ്ദേശ്യത്തോടെ ഗോപാലകൃഷ്ണൻ അടുത്ത ദിവസങ്ങളിൽ ഗൾഫിലെത്തും.

ഗൾഫിലുള്ള ദൈവമക്കൾ സൂക്ഷിത്തുക: അനാഥശാലയുടേയും ബൈബിൾ കോളേജിന്റെയും ജീവകാരുണ്യ പ്രവർത്തനത്തിന്റെയും മറ്റും പേരു പറഞ്ഞ് ഗോപാലകൃഷ്ണൻ പിരിച്ചെടുക്കുന്ന പണം അങ്ങേരുടെ സ്വന്തം കീശയിലേക്കാണ് പോകുക. അനാഥശാലയോ ബൈബിൾ കോളേജോ എന്തു നടത്തിയാലും അതൊക്കെ ഗോപാലകൃഷ്ണന്റെ സ്വന്തമായിരിക്കും. സഭയുടെ വകയാണെന്ന് തെറ്റിദ്ധരിപ്പിക്കാനായി സഭാഹാളിന് സമീപം ഇതൊക്കെ നടത്തുമെന്നു മാത്രം.

സൈക്കിളിൽ സഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിക്കുന്ന ഒരു പാവപ്പെട്ടവനോട് ഗോപാലകൃഷ്ണൻ ചെയ്തത് മറക്കാറായിട്ടില്ല. രണ്ടു ദശാബ്ദം മുൻപ് ചെയ്ത ഒരു തെറ്റ് കുത്തിപ്പൊക്കി ആ പാവത്തിന്റെ കഞ്ഞികുടി മുട്ടിച്ചു. ചെയ്ത തെറ്റ് ദൈവത്തോടും മനുഷ്യനോടും ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിച്ചതാണെന്ന പരിഗണനപോലും ഗോപാലകൃഷ്ണൻ കാണിച്ചില്ല. ഗോപാലകൃഷ്ണൻ അന്ന് ആ പാവത്തിനെ അളന്ന അതേ അളവുകോൽ കൊണ്ട് ഗോപാലകൃഷ്ണനേയും അളക്കണം. ഈ കള്ളന് പണം കൊടുത്ത് വിഡ്ഢികളാകരുത്.

# ബാബുവിന്റെ സ്വന്തം മേഴ്സിയും അല്പം സഹോദരസ്നേഹവും

സഹോദരസ്നേഹം ഉണ്ടായിരിക്കുക എന്നത് നല്ല ഗുണങ്ങളിൽ ഒന്നാണ്. പാസ്റ്റർ ആയിപ്പോയതുകൊണ്ട് ഒരാൾ സഹോദരനല്ലാതാകുകയുമില്ല. അതുകൊണ്ട് മേഴ്സി ബാബു എന്ന പേരിലെ മേഴ്സി സ്വന്തം സഭയിലെ പാസ്റ്ററായ ആത്മീയ സഹോദരനെ ശരിക്ക് സ്നേഹിച്ചു. അതിൽ തെറ്റുണ്ടോ? അല്പംപോലുമില്ല.

സംഭവം നടന്നിട്ട് ചില വർഷങ്ങളായി. എങ്കിലും പാപം പാപമല്ലാതാകുകയില്ലല്ലോ. അതുകൊണ്ട് ആ കഥ പറയാം.

മേഴ്സി ബാബുവിന്റെ വീട് സഭാഹാളിന് സമീപമാണ്. ബാബു ജോലിക്കും കുട്ടികൾ സ്ക്കൂളിലേയ്ക്കും പോയിക്കഴിഞ്ഞാൽ മേഴ്സി തനിച്ചാകും. വിശേഷിച്ച് പണിയൊന്നുമില്ലാത്തതുകൊണ്ട് വെറുതെ ഇരിക്കും. സഭയിലെ പാസ്റ്റർക്ക് മേഴ്സിയോട് വലിയ സഹതാപം തോന്നി. അതുകൊണ്ട് മേല്പടിയാൻ മേഴ്സിക്ക് കൂട്ടിരിക്കാൻ പോയിത്തുടങ്ങി. അതിൽ തെറ്റുണ്ടോ? ഇല്ല. അങ്ങനെ കുറെ ദിവസം വെറുതെ കൂട്ടിരുന്നപ്പോൾ സമയം വെറുതെ കളയുന്നത് ശരിയല്ലെന്നു തോന്നി. അതു തെറ്റാണോ? അല്ലേ അല്ല. പക്ഷേ, സംഭവം നേരിൽ കണ്ട ചിലർക്ക് അത് പാപമായിത്തോന്നി. ബോംബെയ്ക്ക് പരാതി പോയി. മത്തായി എന്ന ക്രൂരൻ ആ പാവം പാസ്റ്ററെ സ്ഥലം മാറ്റി. അത് തെറ്റായിപ്പോയി എന്നതിന് രണ്ടുപക്ഷമില്ല.

## അതിരുകളില്ലാത്ത സ്നേഹം ..... ഓാാാ.............




# ക്രിമിനൽ നഷ്ടപരിഹാരം ..........

നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു എന്ന് ഇതിൽ നിന്നും കാണാം. വൃക്ഷലതാദികളെ നശിപ്പിക്കുന്നവർക്കും ശിക്ഷ വ്യവസ്ഥ ചെയ്തിരുന്നു. ക്ഷേത്രവളപ്പിലുള്ള മരങ്ങളാണെങ്കിൽ ഇരട്ടി ശിക്ഷ നൽകും. ചുരുക്കത്തിൽ ഇന്ത്യയിൽ മുൻകാലങ്ങളിൽ ക്രിമിനൽ കുറ്റങ്ങളെ വ്യക്തികൾക്കെതിരെയുള്ള കുറ്റങ്ങളായി കരുതിയിരുന്നു.

ആധുനിക ക്രിമിനൽ നിയമ സംവിധാനത്തിൽ ക്രിമിനൽ കുറ്റങ്ങൾ സമൂഹത്തിനെതിരെയുള്ള കുറ്റങ്ങളാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അത് അങ്ങനെ ആയിരിക്കുകയും വേണം. സമൂഹം തന്നെ അവിടെ സഹായത്തിനെത്തണം.

ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സ്റ്റേറ്റിനുള്ള ബാദ്ധ്യതയാണ് ഇവിടെ നിർവ്വഹിക്കപ്പെടേണ്ടത്. ക്ഷേമരാഷ്ടമെന്ന സങ്കല്പം സാക്ഷാത്ക്കരിക്കാൻ ഇത് കൂടിയേ തീരൂ.

ആധുനിക രാഷ്ട്രങ്ങളിൽ ന്യൂസിലാന്റിലാണ് ഏറ്റവും ആദ്യമായി ക്രിമിനൽ നഷ്ടപരിഹാര വ്യവസ്ഥകൾ തയ്യാറാക്കിയത്. ബ്രിട്ടൺ, ആസ്ട്രേലിയ, അമേരിക്ക എന്നീ രാജ്യങ്ങളിലും പൊതുനഷ്ടപരിഹാര പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള സമിതികളും ട്രിബ്യൂണലുകളുമാണ് നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നത്. കുറ്റവാളികളെ തടവിൽ നിന്ന് പറഞ്ഞയച്ചശഷം പ്രത്യേക ഭവനങ്ങളിൽ താമസിപ്പിച്ച് ജോലി ചെയ്യിക്കുകയും അതുവഴി ലഭിക്കുന്ന തുക പ്രസ്തുത കുറ്റകൃത്യത്തിന് ഇരയായവർക്ക് നൽകുകയും ചെയ്യുന്ന പുതിവ് അമേരിക്കയിലെ ചില സംസ്ഥാനങ്ങളിൽ നിലവിലുണ്ട്.

ഇന്ത്യയേപ്പോലെ സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽ പ്രതികളിൽ നിന്ന് നഷ്ടപരിഹാരത്തുക ഈടാക്കുക എന്നത് പലപ്പോഴും അപ്രായോഗികമാണ്. പ്രതികളുടെ സാമ്പത്തികനിലയും കുറ്റകൃത്യത്തിൻെറ ഗൗരവവും കണക്കിലെടുത്ത് പിഴശിക്ഷ വിവേചനാപൂർവ്വം ഈടാക്കുകയും അത് പൊതുനഷ്ട പരിഹാര ഫണ്ടിലേക്ക് മുതൽ കൂട്ടുകയുമാണ് അഭികാമ്യം. നിയമ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കിടയിൽ വിശദമായ ഒരു ചർച്ച നടത്തിയതിനുശേഷം സമഗ്രമായ ഒരു ക്രിമിനൽ നഷ്ടപരിഹാര നിയമം നടപ്പാക്കുകയെന്നത് ഇന്ന് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. നമ്മുടെ ക്രിമിനൽ നീതിസംവിധാനം കുറ്റമറ്റതാണെന്ന് അവകാശപ്പെടാൻ ഇത് കൂടിയേ തീരൂ.

ക്രിമിനൽ നടപടി ക്രമത്തിൽ ഇപ്പോൾ നിലവിലുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ ഉദാരമായി ഉപയോഗപ്പെടുത്താനുള്ള സുപ്രീം കോടതിയുടെ നിർദ്ദേശത്തെ ഈ ലക്ഷ്യത്തിലേക്കുള്ള ആശാവഹമായ ഒരു കാൽവെയ്പ്പായി കരുതാം.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3022356
മൊബൈൽ: 94474 14608

# നാഗാലാന്റ് സ്മരണകൾ

1984 മുതൽ 1992 വരെയുള്ള ഒൻപതു വർഷം നാഗാലാന്റിൽ അദ്ധ്യാപകനായി ജോലി നോക്കിയ റ്റി. എസ്.ബാലൻ തന്റെ അനുഭവങ്ങൾ വിവരിക്കുകയാണ്. നാഗാലാന്റിനേക്കുറിച്ചും നാഗാ സംസ്ക്കാരത്തേക്കുറിച്ചും ഒരു ഏകദേശ രൂപം കിട്ടുാൻ ഈ അനുഭവ വിവരണം ഉപകരിക്കും.

''വണ്ടന്മേടു പുഞ്ചിച്ചോ?" നാഗാമീസ് കലർന്ന മലയാളത്തിൽ (അതോ, മലയാളം കലർന്ന നാഗാമീസോ?) അനിതമോൾ ചോദിച്ചു. വണ്ടൻമേട്ടിൽ എത്തിയോ എന്നാണ് അവൾക്കറിയേണ്ടത്. ഞങ്ങൾ സഞ്ചരിച്ചിരുന്ന ഡീലക്സ് ബസ്സ് അസ്സാമിലുള്ള ഏതോ ഒരു ചെറിയ പട്ടണത്തിൽ വിശ്രമത്തിനായി നിർത്തിയിട്ടിരിക്കയാണ്. സമയം രാത്രി പത്തുമണി.

ഞങ്ങൾ വൈകിട്ട് ആറുമണിക്ക് യാത്രയാരംഭിച്ചതാണ്. പിറ്റെ ദിവസം പ്രഭാതത്തിൽ ഗുവഹാത്തിയിൽ എത്തും. കഴിഞ്ഞ അഞ്ചുവർഷം ഞങ്ങൾ പാർത്തിരുന്ന ദിമാപൂർ പട്ടണത്തോടു യാത്രപറഞ്ഞിട്ട് നാലു മണിക്കൂറായി. എന്റെ നാഗാലാന്റ് ജീവിതത്തിലെ അവസാന രംഗം ആ പകൽ കൊണ്ട് അവസാനിച്ചു കഴിഞ്ഞിരുന്നു. ഇനി ഒരിക്കലും അവിടേക്കു മടങ്ങുമെന്നു തോന്നുന്നില്ല.

കുറച്ചുസമയത്തെ വിശ്രമത്തിനു ശേഷം ബസ് വിട്ടു. ഞാൻ തിരിഞ്ഞു നോക്കി. പിറകിലുള്ള സീറ്റുകളിലായി എന്റെ അമ്മയും എന്റെ കുട്ടികളും ഉറങ്ങുന്നു. എന്റെ സമീപത്തുള്ള സീറ്റിൽ എന്റെ ഭാര്യയും ഉറങ്ങുന്നു. ബസ്സിനുള്ളിൽ മിക്കവരും ഉറക്കത്തിലാണ്. എന്നാൽ എനിക്കുറങ്ങാൻ കഴിഞ്ഞില്ല. എനിക്കു പലതും ചിന്തിക്കാനും അയവിറക്കാനുമുണ്ടായിരുന്നു.

ഒൻപതു വർഷത്തെ നാഗാലാന്റു ജീവിതം മറക്കാനാവാത്ത പല അനുഭവങ്ങളും നിറഞ്ഞതായിരുന്നു. ആദ്യത്തെ ഒന്നരവർഷം 'വൊക്ക'യിൽ. പിന്നീടുള്ള രണ്ടരവർഷം 'സാനീസ്' എന്നൊരു കുഗ്രാമത്തിൽ. അവസാനത്തെ അഞ്ചു വർഷം ദിമാപൂരിൽ. നല്ലതും ചീത്തയുമായ പലതും കണ്ടു. അനുഭവിച്ചു. പലതും പഠിച്ചു. ജീവിതകാലം മുഴുവൻ ഓർക്കാനും അനേകരുമായി പങ്കുവയ്ക്കാനുമുള്ള വലിയൊരു അനുഭവസമ്പത്തുമായാണു മടങ്ങുന്നത്.

ചെറിയ രണ്ടുപെട്ടികളും ഒരു ബാഗുമായാണ് നാഗാലാന്റിലെത്തിയത്. ഒരു വർഷത്തിനുശേഷം ഭാര്യയെയും രണ്ടുകുട്ടികളെയും കൂട്ടികൊണ്ടുവന്നു. സംഭവബഹുലമായ ഒൻപതു വർഷങ്ങൾക്കു ശേഷം മടങ്ങിപ്പോകയാണ്. കുറച്ചു പുസ്തകങ്ങൾ, അത്യാവശ്യംവേണ്ട വീട്ടുപകരണങ്ങൾ തുടങ്ങിയവ മാത്രമേ സ്വന്തമെന്നു പറയാൻ ബാക്കിയുള്ളു. നാട്ടിലെത്തിയാൽ രണ്ടോ മൂന്നോ മാസം കഴിഞ്ഞു കൂടാനുള്ള പണവുമുണ്ട്.

കേരളത്തിലെ പരമാവധിയായ രണ്ടുകുട്ടികളുമായി നാഗാലാന്റിലെത്തി. നാഗാലാന്റിലെ ശരാശരിയാ ഒരു ഡസൻ എന്ന കണക്കോളമെത്തിയില്ല എങ്കിലും കുട്ടികളുടെ എണ്ണം നാലായി. പതിമൂന്നും പതിനൊന്നും വയസ്സുള്ള രണ്ട് ആൺകുട്ടികളും ഏഴും അഞ്ചും വയസ്സുള്ള രണ്ടു പെൺകുട്ടികളും. നാഗാമീസും മലയാളവും ഇടകലർന്ന ഒരു ഭാഷയിലാണ് അവരുടെ സംഭാഷണം. ഭാവി ദൈവകരങ്ങളിൽ സുരക്ഷിതമാണെന്ന ഉറച്ച വിശ്വാസമുണ്ടായിരുന്നതിനാൽ ഭാവിയെപ്പറ്റിയുള്ള ചിന്തകളൊന്നും അലട്ടിയില്ല. എന്നാൽ കഴിഞ്ഞുപോയ സംവത്സരങ്ങൾ മായാതെ, മറയാതെ, കൺമുമ്പിൽ തെളിഞ്ഞുനില്ക്കുന്നു.

1983-ൽ ഒരു പാരലൽ കോളേജിൽ പഠിപ്പിക്കലും കുറച്ചു ട്യൂഷനുമൊക്കെയായി ഇടുക്കി ജില്ലയിലുള്ള വണ്ടൻമേട്ടിൽ കഴിഞ്ഞു കൂടുകയായിരുന്നു ഞാൻ. കഷ്ടിച്ചു ജീവിക്കാനുള്ള വക ലഭിക്കും. അങ്ങനെയിരിക്കെ ഒരു ദിവസം കുമളിയിലുള്ള ഒരു സംഘടനയേക്കുറിച്ചു കേൾക്കുവാനിടയായി. നാഗാലാന്റ്, മണിപ്പൂർ തുടങ്ങിയ സംസ്ഥാനങ്ങളിൽ അദ്ധ്യാപകരില്ലാതെ വലയുന്ന സ്കൂളുകളിലേക്ക് ഈ സംഘടന കേരളീയരായ അദ്ധ്യാപകരെ കണ്ടുപിടിച്ച് നല്കിവന്നു. ഇരു കൂട്ടരിൽ നിന്നും പ്രതിഫലമൊന്നും വാങ്ങാതെയുള്ള ഒരു സേവനമായിരുന്നു ഇത്. ഡോ. ജോൺ താന്നിയ്ക്കലായിരുന്നു ഡയറക്ടർ. ഒരു പരീക്ഷണമെന്ന നിലയിൽ ഞാൻ അപേക്ഷ നല്കി. ഏതാനും ദിവസങ്ങൾക്കകം തന്നെ മറുപടിയും കിട്ടി. കുമളിയിൽ വച്ചൊരു പരിശീലനപരിപാടിയുണ്ട്. ഒരു മാസം നീളുന്ന ഈ പരിശീനത്തിനുശേഷം അവർ തന്നെ നാഗാലാന്റിൽ ജോലി ക്രമീകരിച്ചുതരും. കാര്യം നല്ലതുതന്നെയെന്ന് എനിക്കും തോന്നി. അങ്ങനെ ഞാൻ ഇറങ്ങിത്തിരിച്ചു.

പരിശീലനം തികച്ചും നല്ലതുതന്നെയായിരുന്നു. നാഗാലാന്റിനെക്കുറിച്ചും ഇംഗ്ലീഷ് മീഡിയം സ്കൂളുകളെപ്പറ്റിയുമെല്ലാം പലതും പഠിച്ചു. ഏറെത്താമസിയാതെ ഒരു സ്കൂളിൽ നിന്നും നിയമന ഉത്തരവും ലഭിച്ചു.

ആ ദിവസങ്ങളിൽ, എന്റെ ഭാര്യയുടെ ഇളയസഹോദരൻ തന്റെ ഒരു സ്നേഹിതനോടൊപ്പം നാഗാലാന്റിലേക്ക് പോകയും ഒരു സർക്കാർ ജോലി ലഭിക്കുകയും ചെയ്തിരുന്നു. നാഗാലാന്റിലെത്തിയാൽ സഹായത്തിന് ഒരാൾ ഉണ്ടല്ലോ എന്ന ചിന്ത ഏറെ ആശ്വാസകരമായി തോന്നി.



നാഗൻമാർ പരമ്പരാഗത വേഷത്തിൽ

1984 ഫെബ്രുവരി 2-ാം തീയതി മദ്രാസ് മെയിലിൽ യാത്രതിരിക്കത്തക്കവിധം ഞാൻ ടിക്കറ്റ് റിസർവ്വ് ചെയ്തു. വിവരത്തിന് മോഹനന് (ഭാര്യാസഹോദരൻ) കമ്പിയടിക്കയും ചെയ്തു. ഞാൻ യാത്രതിരിക്കുന്ന വിവരം കാണിച്ച് സ്കൂളിലേക്കും കമ്പിയടിച്ചു. ദിമാപൂർ റെയിൽവേസ്റ്റേഷനിൽ കാത്തു നില്ക്കണമെന്നും പ്രത്യേകം അറിയിച്ചു.

അങ്ങനെ ഞാൻ യാത്ര തിരിച്ചു. രണ്ടു ചെറിയപെട്ടികളും ഒരു ബാഗുമാണ് കൈവശമുള്ളത്. മദ്രാസ് മെയിലിൽ മദ്രാസിലെത്തി. ഫെബ്രുവരി 5-ാം തീയതി ഉച്ചയായപ്പോൾ ഹൗറയിലെത്തി. ഒരു വിധത്തിൽ റിസർവേഷൻ സംഘടിപ്പിച്ച് യാത്ര തുടർന്നു. ഒച്ചിന്റെ വേഗത്തിൽ പായുന്ന ജനതാ എക്സ്പ്രസ്സിൽ ന്യൂ ബൊങ്ഗായഗോങ്ങിലും എത്തി. അവിടം മുതൽ മീറ്റർ ഗേജായിരുന്നു അന്ന്. 7-ാം തീയതി രാത്രി കാമരൂപ് എക്സ്പ്രസ്സിൽ കയറിപ്പറ്റി. 8-ാം തീയിതി ഉച്ചയാപ്പോൾ ദിമാപൂരിലെത്തി.

സ്റ്റേഷനിൽ മോഹനനും സ്കൂളുകാരും കാത്തു

(അടുത്ത പേജ് .............)




## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3950734, 9447414608



നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെറും 1500 രൂപയ്ക്ക്

No Hidden Costs

വിളിക്കൂ: 94474 14608

# നാഗാലാന്റ് സ്മരണകൾ...........

നിൽക്കുമെന്നുറപ്പുണ്ടായിരുന്നു. പക്ഷെ ആരേയും കണ്ടില്ല. നാഗാലാന്റിൽ ടെലിഗ്രാം സഞ്ചരിക്കുന്ന വേഗത്തെപ്പറ്റി അന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. (ഞാൻ അയച്ച ടെലിഗ്രാം പ്രസ്തുത സ്കൂളിലെത്തിയത് മാർച്ചുമാസത്തിലാണെന്ന് പിന്നീടറിഞ്ഞു). ഏതായാലും അല്പം വിശ്രമിച്ചിട്ടുതന്നെ കാര്യം. ഒരു ഹോട്ടലിൽ മുറിയെടുത്തു. സുഖമായി കിടന്നുറങ്ങി. നല്ല തണുപ്പുണ്ടായിരുന്നതിനാൽ പുതച്ചു കിടക്കാൻ നല്ല സുഖം തോന്നി.

മോഹനനോ സ്കൂളുകാരോ സ്വീകരിക്കാനെത്തിയില്ലെങ്കിലും വല്ലവിധേനയും സ്കൂളിൽ എത്തിയല്ലേ മതിയാകൂ. അതുകൊണ്ട് പിറ്റേന്ന് അതിനുള്ള ശ്രമം ആരംഭിച്ചു. സ്കൂളിലെത്താനുള്ള വഴി ചോദിച്ചറിഞ്ഞു. ട്രെയിനിൽ സഞ്ചരിച്ച് ആസ്സാമിലെ 'അംഗുരി' എന്ന സ്ഥലത്തെത്തണം. അവിടെനിന്നു ബസ്സിൽ നാഗാലാന്റിലെ 'ചന്തോംഗ്യ'യിലും അവിടെനിന്നും ലോറിയിലോ മറ്റോ കയറി 'ലോംഗ്ലങ്ങി'ലുമെത്തണം. അത്ര 'എളുപ്പ'മാണ് കാര്യം. പോകാതെ നിവൃത്തിയില്ലല്ലോ.

എന്നാൽ പ്രശ്നം ഇതൊന്നുമല്ല. നാഗന്മാരല്ലാത്തവർക്ക് നാഗാലാന്റിൽ പ്രവേശിക്കണമെങ്കിൽ അതിന് പ്രത്യേക അനുമതിയെടുക്കണം. ഇന്റർ ലൈൻ പെർമിറ്റ് (Interline permit) അഥവാ I.L.P എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ദിമാപൂരിൽ ഇത് ആവശ്യമില്ല. നൂറിലധികം വർഷങ്ങൾക്കു മുൻപ് ബ്രിട്ടീഷ് ഗവൺമെന്റ് ഉണ്ടാക്കിയതാണ് ഈ ചട്ടം. ബംഗാൾ റെഗുലേഷൻ ആക്ട് എന്നോ മറ്റോ ആണ് അതിന്റെ പേര്. (ഒരു ഇന്ത്യൻ പൗരന് ഭരണഘടന അനുവദിച്ചുകൊടുത്തിരിക്കുന്ന മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനമാണിത്. ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ ഈ നിയമത്തെ ചോദ്യം ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം).

I.L.P. തരേണ്ടത് കലക്ടറോ, കലക്ടർ അധികാരപ്പെടുത്തിയ മറ്റാരെങ്കിലുമോ ആണ്. നാഗാലാന്റിൽ കലക്ടറുടെ പദവിയുള്ള ഉദ്യോഗസ്ഥൻ ഡെപ്യൂട്ടി കമ്മീഷണർ (Deputy Commissioner) എന്ന പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിനു കീഴിൽ അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണറുണ്ട്. സിവിൽ എസ്സ്.ഡി.ഒ. (S.D.O civil), ഇ.എ.സി. (Extra Asst. Commissioner) എന്നിവർ ഇതിനു കീഴിലാണ്. ഇവർ യഥാക്രമം , A.D.M, R.D.O., തഹസീദാർ എന്നിവരുടെ പദവിയിലുള്ളവരാണ്. ഇവർക്കെല്ലാം ജുഡീഷ്യൽ അധികാരമുണ്ടെന്നതും എടുത്തു പറയേണ്ട സംഗതിതന്നെ. ഇവരല്ലാതെയുള്ള മജിസ്ട്രേട്ടുമാർ നാഗാലാന്റിൽ വളരെക്കുറച്ചേയുള്ളൂ. നാഗാലാന്റിലെ D.C (Deputy Commissioner) വധശിക്ഷവരെ വിധിക്കാനധികാരമുള്ള ആളാണെന്നു പറയുമ്പോൾ വിഷയത്തിന്റെ ഗൗരവം മനസ്സിലാകുമല്ലോ.

കൊഹീമ ജില്ലയിലുള്ള ഒരു പട്ടണം മാത്രമാണ് ദിമാപൂർ. അതുകൊണ്ട് അവിടെയുള്ളത് A.D.C യാണ്. അവിടെ അപേക്ഷ കൊടുത്താൽ I.L.P ലഭിക്കും. ആകയാൽ അതിനുള്ള ശ്രമം നടത്താൻ ഞാൻ തീരുമാനിച്ചു. പക്ഷെ A.D.C യുടെ ഓഫീസിലെത്തിയപ്പോൾ മറ്റൊരു പ്രശ്നം. അന്ന് ഓഫീസ് അവധിയാണ്. ദിമാപൂരിലെ ഒരു പ്രമുഖ വ്യക്തിയായിരുന്ന ഗുർമുഖ് സിംഗിനെ നാഗാ ഒളിപ്പോരാളികൾ വെടിവെച്ചുകൊന്നു. (അവർ ആവശ്യപ്പെട്ടപണം നല്കിയില്ലയെന്നതാണ് കാരണം). അദ്ദേഹത്തോടുള്ള ആദരസൂചകമായി അന്ന് ദിമാപൂരിലുള്ള എല്ലാ സർക്കാർ ആഫീസുകൾക്കും അവധിയായിരുന്നു.

ഞാൻ നിരാശനായി മടങ്ങി. വരുന്ന വഴിയിൽ ഒരു ഭാഗത്ത് മിഡ്ലാന്റ് (Midland) എന്ന ബോർഡു കണ്ടു. എന്റെ ഒരു സുഹൃത്തിന്റെ സുഹൃത്ത് ദിമാപൂരിൽ മിഡ്ലാന്റ് എന്ന സ്ഥലത്ത് സുവിശേഷപ്രവർത്തനം ചെയ്യുന്നുണ്ടെന്നു ഞാൻ കേട്ടിരുന്നു. പലരോടും അന്വേഷിച്ച് ഞാൻ അദ്ദേഹത്തെ കണ്ടെത്തി. അദ്ദേഹം എന്നെ സന്തോഷത്തോടെ സ്വീകരിച്ചു എന്നു മാത്രമല്ല, മറ്റൊരു ക്രമീകരണം ആകുന്നതുവരെ അവിടെ താമസിക്കാനുള്ള അനുവാദവും തന്നു.

എന്റെ കാര്യങ്ങളെല്ലാം വിശദമായി അദ്ദേഹത്തെ അറിയിച്ചു. തന്നാലാവും വിധം എന്നെ സഹായിക്കാമെന്ന് അദ്ദേഹം വാക്കുതന്നു. ലോംഗ്ലങ്ങിൽ പോകുക എന്ന പദ്ധതി ഉപേക്ഷിക്കുക. ദിമാപൂരിലോ, പരിസര പ്രദേശങ്ങളിലെവിടെയെങ്കിലുമോ ജോലിക്കു ശ്രമിക്കാം. അപ്പോൾ I.L.P യുടെ ആവശ്യവും വരികയില്ല. ഇതായിരുന്നു അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗം. ഞാൻ സമ്മതിച്ചു.

പിറ്റേ ദിവസം ഞങ്ങൾ ചില സ്കൂളുകൾ സന്ദർശിച്ചു. ആശയ്ക്കു വകയുണ്ടെന്നു മനസ്സിലായി. അന്ന് ഉച്ച കഴിഞ്ഞ് മറ്റു ചില സ്കൂളുകളിലും കൂടി അന്വേഷണം നടത്താനുള്ള ഉദ്ദേശ്യത്തോടെ ഞങ്ങൾ പുറപ്പെട്ടു. അപ്പോൾ മോഹനൻ ഞങ്ങൾ താമസിച്ചിരുന്ന വീട്ടിലേക്കതാ കയറിവരുന്നു.

"നീ എങ്ങനെയിവിടെയെത്തി?" ഞാൻ ചോദിച്ചു.

"അതു തന്നെയാണ് എനിക്കും അറിയേണ്ടത്. അളിയനെങ്ങിനെ ഇവിടെയെത്തി?" അവൻ ചോദിച്ചു.

പിന്നീടാണ് കാര്യങ്ങൾ വ്യക്തമായത്. എന്റെ ടെലിഗ്രാം അവനു കിട്ടി. അതനുസരിച്ച് അവൻ എന്നെ അന്വേഷിച്ച് 'വൊക്ക'യിൽ, അവന്റെ ജോലി സ്ഥലത്തുനിന്നും എത്തിയതാണ്. റെയിൽ വേസ്റ്റേഷനിൽ ഒന്നു ചുറ്റിക്കറങ്ങിയിട്ട് പാസ്റ്ററെ കാണാൻ എത്തിയതാണ്. ഞാൻ അവിടെയുണ്ടെന്ന് മോഹനൻ അറിഞ്ഞിരുന്നില്ല.

എന്നെ വൊക്കയിലേക്ക് കൊണ്ടുപോകാനുള്ള I.L.P യുമായിട്ടാണ് മോഹനൻ എത്തിയിരിക്കുന്നത്. ആനന്ദലബ്ധിക്കിനി എന്തുവേണം!

അടുത്ത ദിവസം പ്രഭാതത്തിൽ ഞങ്ങൾ 'വൊക്ക'യിലേക്ക് യാത്ര തിരിച്ചു. ദിമാപൂരിൽ നിന്നും പത്തുകിലോമീറ്റർ ദൂരം മാത്രമേ സമഭൂമിയുള്ളൂ. ബാക്കി മുഴുവനും മലകളാണ്. സാധാരണ മലകളല്ല കിഴുക്കാംതൂക്കായ വൻമലകൾ. ദിമാപ്പൂരിൽനിന്നും കൊഹീമവഴി വൊക്കയിലെത്താൻ 154 കിലോമീറ്റർ സഞ്ചരിച്ചാൽ മതി. പക്ഷെ അതിന് 7 മുതൽ 8 വരെ മണിക്കൂറുകൾ വേണ്ടിവരും. ഏകദേശം മൂന്നമണിയായപ്പോഴേക്കും ഞങ്ങൾ വൊക്കയിലെത്തി. മോഹനന്റെ ഒരു സുഹൃത്തിനോടൊപ്പം അന്നു കഴിഞ്ഞുകൂടി. സജിയെന്നാണ് അദ്ദേഹത്തിന്റെ പേര്. റാന്നിക്കാരൻ. ആർ.ഡി.ബ്ലോക്കിൽ ഓവർ സീയറായി ജോലി നോക്കുന്നു. ജോലി സ്ഥലത്ത് മടങ്ങിയെത്തേണ്ട ആവശ്യമുണ്ടായിരുന്നതിനാൽ മോഹനൻ എന്നെ സജിയെ ഏല്പിച്ചിട്ട് ഠൊയാംഗ് എന്നു പേരുള്ള സ്ഥലത്തേക്കു പോയി.

രണ്ടു ദിവസത്തിനുശേഷം എനിക്കു വൊക്കയിലുള്ള ഒരു സ്കൂളിൽ ജോലി കിട്ടി. കാര്യമായ ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല. ലോത്താ നാഗന്മാരുടെയിടയിലെ ഒരു പ്രമാണിയുടെ വകയാണ് സ്കൂൾ. ബൈബിൾ ലോത്താഭാഷയിലേക്ക് വിവർത്തനം ചെയ്തത് ഇദ്ദേഹമാണ്. പ്രായം എത്രയുണ്ടെന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമില്ല. എൺപതിൽ കുറവല്ല എന്ന് ഉറപ്പായി പറയുവാൻ സാധിക്കും.

നാഗാലാന്റിലെ സ്കൂളുകളെപ്പറ്റി അല്പം പറയാതെ ഇനി മുൻപോട്ടുപോകുക വിഷമമാണ്. കേരളത്തിലുള്ളതുപോലെ സർക്കാർ സ്കൂളുകൾ ഇവിടെയുമുണ്ട്. അവിടുത്തെ പഠിപ്പിക്കലും മറ്റു നടപടിക്രമങ്ങളുമെല്ലാം കേരളത്തിലെപ്പോലെ, "കാട്ടിലെ തടി തേവരുടെ ആന" എന്ന രീതിയിൽത്തന്നെ. നല്ല ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉണ്ടു താനും. നാലാം ക്ലാസുവരെ പ്രാദേശിക ഗോത്ര ഭാഷയിലും തുടർന്ന് ഇംഗ്ലീഷിലുമാണ് അദ്ധ്യായനം.

കേരളത്തിലെപ്പോലെ സർക്കാർ ശമ്പളം കൊടുക്കുന്ന മാനേജുമെന്റ് സ്കൂളുകൾ നാഗാലാന്റിലില്ല. പക്ഷേ, കുട്ടികളിൽ നിന്നുള്ള ഫീസും മറ്റുവരുമാനങ്ങളും കൊണ്ട് നടത്തുന്ന സ്വാകാര്യ സ്കൂളുകൾ അനവധിയുണ്ട്. അവയിൽ നല്ലൊരു പങ്ക് ക്രിസ്ത്യൻ മാനേജ്മെന്റിലുള്ളവയാണ്. കത്തോലിക്ക സഭയുടെ വകയായി മിക്ക സ്ഥലത്തും സ്കൂളുകളുണ്ട്. അസംബ്ലീസ് ഓഫ് ഗോഡിനും ഉണ്ട് കുറച്ചു സ്കൂളുകൾ. നാഗാലാന്റിലെ പ്രധാന സഭാവിഭാഗമായ ബാപ്റ്റിസ്റ്റ് മേൽനോട്ടത്തിലുള്ളവയും കുറവല്ല. സ്വാകാര്യ വ്യക്തികളുടെ വകയായുള്ള സ്കൂളുകളുമുണ്ട്.

ആർക്കെങ്കിലും ഒരു സ്കൂൾ തുടങ്ങണമെന്നു തോന്നിയാൽ ഷെഡുമാതിരിയെന്തെങ്കിലുമൊന്നു തല്ലിക്കൂട്ടിയിട്ട് ജനുവരി-ഫെബ്രുവരി മാസക്കാലത്ത് അഡ്മിഷൻ ആരംഭിക്കും. ഒറ്റയടിക്ക് നേഴ്സറി മുതൽ പത്താം ക്ലാസ് വരെ തുടങ്ങിയ വീരന്മാരുമുണ്ട്. പണമുള്ളവർ നല്ല കെട്ടിടമുണ്ടാക്കിയിട്ടായിരിക്കും സ്കൂൾ ആരംഭിക്കുക. സ്കൂൾ ആരംഭിച്ചശേഷം ഗവൺമെന്റ് അംഗീകാരത്തിനും മറ്റും അപേക്ഷിക്കും. ചില മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞ് സ്കൂൾ തുറക്കാനുള്ള അനുവാദം ലഭിക്കും. അനുവാദം കിട്ടിയില്ലെങ്കിലും കുഴപ്പമില്ല. പത്താം ക്ലാസ് പരീക്ഷയുൾപ്പെടെയെല്ലാം കുട്ടികൾക്കെഴുതാം. തുടർച്ചയായി മൂന്നുവർഷം നല്ല റിസൾട്ടുണ്ടായാൽ അംഗീകാരത്തിനപേക്ഷിക്കാം. അംഗീകാരത്തിനപേക്ഷിച്ച പല സ്കൂളുകളും ആരംഭിക്കാനുള്ള അനുവാദം പോലുമില്ലാത്തവയാണെന്ന് അവസാന നിമിഷം കണ്ടു പിടിച്ച സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

സർക്കാരിൽ നിന്നും കാര്യമായ സഹായമൊന്നും ഇത്തരം സ്കൂളുകൾക്കു ലഭിക്കാറില്ല. കുട്ടികളിൽ നിന്നുമുള്ള ഫീസുകൊണ്ടുമാത്രമാണ് മിക്കവയും പ്രവർത്തിക്കുന്നത്. പ്രവേശനഫീസ്, മാസം തോറുമുള്ള ഫീസ് തുടങ്ങി പല രൂപത്തിലും ഭാവത്തിലുമുള്ള ഫീസുകളുണ്ട്. ഇങ്ങനെ ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് അദ്ധ്യാപകർക്കു ശമ്പളം ലഭിക്കുന്നത്. ആകയാൽ സ്കൂളിലെ വരുമാനം, മാനേജുമെന്റിന്റെ മന:സ്ഥിതി തുടങ്ങിയവ ശമ്പളത്തെ കാര്യമായി ബാധിക്കും.

എനിക്കു ജോലി ലഭിച്ച സ്കൂൾ മേൽപ്പടി പുരാണപുരുഷന്റെ വകയായിരുന്നു. അന്നത്തെ നിലയ്ക്ക് അത്ര മോശമെന്നു പറയാനാവാത്ത ശമ്പളവും തന്നിരുന്നു. എടത്വക്കാരൻ (സാംസാർ എന്നു ഞങ്ങൾ വിളിക്കുന്ന) കുരുവിള ഏബ്രാഹാമാണ് ഹെഡ്മാസ്റ്റർ. അദ്ദേഹം ഇപ്പോൾ മലപ്പുറം ജില്ലയിലൊരു സ്കൂളിലെ അദ്ധ്യാപകനാണ്. ആയൂർക്കാരൻ പീറ്റർ, എടത്വക്കാരൻ ദേവസ്യ തുടങ്ങി മറ്റു ചില മലയാളികൾ കൂടിയുണ്ടായിരുന്നു. നേപ്പാൾ, ആസ്സാം, ബംഗാൾ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ളവരും ചുരുക്കം ചില നാഗന്മാരും അദ്ധാപകരായുണ്ട്.

(തുടരും)



RNI No. 68089 / 97
2005 November 16

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# നവംബർ 16ന് വീണ്ടും അടിയന്തിരം

മരിച്ചു കഴിഞ്ഞാണ് സാധാരണയായി അടിയന്തിരം വെയ്ക്കുന്നത്. ആരെയെങ്കിലും വീട്ടിൽ നിന്ന് പുറത്താക്കുമ്പോൾ പടിയടച്ച് പിണ്ഡം വെയ്ക്കുക എന്നൊരു കർമ്മവും ചെയ്യാറുണ്ട്. ഐ.പി.സി. ഏറെക്കുറെ ചത്ത മട്ടാണ്. അതുകൊണ്ട് അവിടെ അഡ്വാൻസായി അടിയന്തിരങ്ങൾ നടക്കുകയാണ്.

കെ.പി.കുര്യനെ പുറത്താക്കാൻ കഴിഞ്ഞമാസം ഒരു അടിയന്തിര കൗൺസിൽ നടത്തിയിരുന്നു. കുര്യനെ വിചാരണ ചെയ്യാതെ അന്ന് പുറത്താക്കുകയും ചെയ്തു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ കുര്യനെ പടിയടച്ച് പിണ്ഡം വെച്ചു. സാധാരണ പാസ്റ്റർമാരാണെങ്കിൽ ഇത്രയുമൊക്കെക്കൊണ്ട് അടിയറവ് പറഞ്ഞു പോകും. പക്ഷേ, കുര്യൻ അത്ര പെട്ടെന്ന് ഒതുങ്ങുന്ന കക്ഷിയല്ലല്ലോ.

നിയമവിരുദ്ധമായ പുറത്താക്കലിനെതിരെ കുര്യനെ കോടതിയെ സമീപിച്ചു. അനുകൂലമായ വിധി നേടുകയും ചെയ്തു. അതോടെ ടി.എസ്.ഏബ്രഹാം കുര്യനെതിരെ എടുത്ത എല്ലാ നടപടികളും അസാധുവായി.

എങ്ങനെയെങ്കിലും കുര്യനെ പുറത്തു കളഞ്ഞേ മതിയാകൂ എന്ന വാശിയിലാണ് ടി.എസ്.ഏബ്രഹാം. കഴിഞ്ഞ കാലങ്ങളിൽ ടി.എസ്.ഏബ്രഹാം ചെയ്തുകൂട്ടിയ തിൻമകളെല്ലാം നന്നായറിയാവുന്ന ആളാണ് കെ.പി.കുര്യൻ. ഇതെല്ലാം വിവരിച്ചുകൊണ്ട് കുര്യൻ ടി.എസ്.ഏബ്രഹാമിനെതിരെ കേരള സ്റ്റേറ്റ് കൗൺസിലിന് പരാതി കൊടുക്കുകയും ചെയ്തു. ആ കത്ത് കുര്യൻ ഇതുവരെ പരസ്യമാക്കിയിട്ടില്ല. ഇതിനെല്ലാം ഉപരി ടി.എസ്. ഏബ്രഹാമിനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിക്കൊണ്ട് കുര്യൻ കല്പന പുറപ്പെടുവിക്കയും ചെയ്തു. ഇത്തരത്തിലുള്ള ഒരാളെ ഐ.പി.സിയിൽ വെച്ചുകൊണ്ടിരുന്നാൽ ടി.എസ്.ഏബ്രഹാമിനും സന്തതി പരമ്പരകൾക്കും മന:സമാധാനത്തോടെ ഉറങ്ങാൻ പറ്റില്ലെന്നു വ്യക്തം. അതുകൊണ്ടാണ് എത്ര ബുദ്ധിമുട്ട് സഹിച്ചിട്ടായാലും വേണ്ടില്ല, കെ.പി.കുര്യനെ പുറത്താക്കിയിട്ടു തന്നെ കാര്യം, എന്ന് ടി.എസ്.ഏബ്രഹാം ഉറപ്പിച്ചത്.

അതിനുള്ള ആദ്യ പടിയായി കുര്യന് കുറ്റപത്രം കൊടുത്തു കഴിഞ്ഞു. നവംബർ 16ന് ജനറൽ കൗൺസിലിന്റെ അടിയന്തിര യോഗം വിളിച്ചിരിക്കയാണ്. കുര്യനെ കൗൺസിൽ വിചാര ണ ചെയ്യും. കുറ്റവാളിയെന്ന് വിധിക്കും. പടിയടച്ച് പിണ്ഡം വെയ്ക്കുകയും ചെയ്യും. അതിനുള്ള അടിയന്തിരമാണ് നടക്കുന്നത്.






Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan